2025
ജൂൺ
06 വെള്ളി

JANASABDHAM
ജനശബ്ദം
www.janasabdham.com
മലയാള ദിനപത്രം

തിരുവനന്തപുരം  പുസ്തകം : 10  ലക്കം : 194  E-mail: janasabdham@gmail.com, janasabdhamdaily@gmail.com  പേജ്: 4  വില: 2 രൂപ

# സതീശനെ മാറ്റണം, ആഭ്യന്തരം കിട്ടണം; ഉപാധികൾ പരസ്യമാക്കി പിവി അൻവർ

മലപ്പുറം: യുഡിഎഫ് നേതാക്കൾ തന്നെ ഇപ്പോഴും ബന്ധപ്പെടുന്നുണ്ടെന്ന് പിവി അൻവർ. നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർഥികളുടെ പത്രിക പിൻവലിക്കാനുള്ള സമയം അവസാനിക്കാനിരിക്കെ അൻവറിനെ മൽസരത്തിൽ നിന്ന് പിന്തിരിപ്പിക്കാനുള്ള ശ്രമം നടക്കുന്നു എന്ന വാർത്തകൾക്കിടെയാണ് പ്രതികരണം. വിഡി സതീശനെതിരെ അദ്ദേഹം ഇന്നും തുറന്നടിച്ചു.

പിണറായി വിജയന്റെ സർക്കാരിനെ പുറത്താക്കണം എന്നാണ് അൻവറിന്റെ നിലപാട്. മറ്റൊരു പിണറായിയെ ആ സ്ഥാനത്ത് ഇരുത്തില്ല എന്ന് വിഡി സതീശനെ സൂചിപ്പിച്ച് അൻവർ വ്യക്തമാക്കുന്നു. താൻ ഉന്നയിച്ച വിഷയങ്ങൾ പ്രധാനമായും പോലീസിനെ കുറിച്ചും വനംമേഖലയെ പറ്റിയുമാണ്. അതുകൊണ്ടുതന്നെ 2026ൽ അധികാരത്തിലെത്തിയാൽ ഈ രണ്ട് വകുപ്പും തനിക്ക് കിട്ടണം എന്ന ഉപാധിയും അൻവർ മുന്നോട്ടുവച്ചു.

ഇന്നലെ രാവിലെയും മുതിർന്ന നേതാക്കൾ എന്നെ വിളിച്ചു. ഒറ്റക്കാര്യമേ ഞാൻ അവരോട് പറഞ്ഞുള്ളൂ. വിഡി സതീശൻ യുഡിഎഫ് ചെയർമാൻ സ്ഥാനത്തിരിക്കുമ്പോൾ ഞാൻ വരില്ല. കാരണം, ഒരു പിണറായിയെ ഇറക്കിയിട്ട് മറ്റൊരു പിണറായിയെ കയറ്റാൻ ഞാനില്ല. മിഖ്യമന്ത്രി പദം ഏതായാലും തരില്ല. വനം, ആഭ്യന്തര വകുപ്പുകൾ തനിക്ക് കിട്ടണം എന്ന ഉപാധി വച്ചിട്ടുണ്ട്.



പോലീസിന്റെ വീഴ്ച സംബന്ധിച്ചാണ് ഞാൻ നേരത്തെ പറഞ്ഞിട്ടുള്ളത്. ഞാൻ ഏറ്റെടുത്ത വിഷയം പോലീസ് വകുപ്പും വനം വകുപ്പുമാണ്. ഇത് രണ്ടും 2026ലെ നിയമസഭാ തിരഞ്ഞെടുപ്പിന് ശേഷം എനിക്ക് തരാൻ തയ്യാറാകണം. ഇക്കാര്യത്തിൽ ഉത്തരവാദപ്പെട്ട നേതാക്കൾ ഇരുന്ന് ചർച്ച ചെയ്ത് കരാർ എഴുതി തരണം. അത് പരസ്യമാക്കണം.

ഉപാധി അംഗീകരിച്ചാൽ യുഡിഎഫിന്റെ മുന്നണിപ്പോരാളിയായി താനുണ്ടാകും. ഒന്നുകിൽ രണ്ട് വകുപ്പുകൾ തരണം, അല്ലെങ്കിൽ വിഡി സതീശനെ മാറ്റി മറ്റൊരാളെ യുഡിഎഫ് ചെയർമാനാക്കണം. ഇക്കാര്യത്തിൽ ധാരണയുണ്ടാക്കിയാൽ മാത്രമേ ഞാൻ മുന്നണിയിലേക്കുള്ളൂ. കുഞ്ഞാലിക്കുട്ടി, പിജെ ജോസഫ്, ഷിബു ബേബി ജോൺ തുടങ്ങി എല്ലാ നേതാക്കളും ഇക്കാര്യത്തിൽ ധാരണയാകണം. നിലമ്പൂർ തിരഞ്ഞെടുപ്പ് കഴിഞ്ഞാൽ സതീശനെ മാറ്റാമെന്ന ധാരണയുണ്ടാക്കണം.

പത്രിക പിൻവലിക്കില്ല. പത്രിക നൽകാൻ പോകുമ്പോൾ കേരളത്തിലെ ജനങ്ങളോട് പറഞ്ഞതാണ്, മരിച്ചില്ലെങ്കിൽ മുന്നോട്ട് പോകുമെന്ന്. താൻ ഇപ്പോഴും ജീവിച്ചിരിപ്പുണ്ട്. മുന്നോട്ട് പോകുക തന്നെ ചെയ്യുമെന്നും' അൻവർ പറഞ്ഞു. നിലവിലെ സാഹചര്യത്തിൽ അൻവർ മുന്നോട്ടുവച്ച ഉപാധികൾ ഒരിക്കലും യുഡിഎഫ് നേതൃത്വം അംഗീകരിക്കാൻ തയ്യാറാകില്ല എന്ന് ഉറപ്പാണ്.

അൻവർ ഓരോ ദിവസവും ഓരോ കാര്യങ്ങളാണ് പറയുന്നത് എന്നാണ് യുഡിഎഫ് നേതാക്കളുമായി ബന്ധപ്പെടുമ്പോൾ ലഭിക്കുന്ന പ്രതികരണം. അപ്രായോഗികമായ ആവശ്യങ്ങളാണ് മുന്നോട്ട് വെക്കുന്നതെന്നും അവർ ചൂണ്ടിക്കാട്ടുന്നു. ആദ്യം യുഡിഎഫ് പ്രവേശത്തിനാണ് അൻവർ ശ്രമിച്ചിരുന്നത്. പിന്നീട് ചില നിയമസഭാ മണ്ഡലങ്ങൾ ആവശ്യപ്പെട്ടുവെന്ന് വാർത്തകൾ വന്നിരുന്നു. ഇപ്പോഴിതാ പരസ്യമായി രണ്ട് വകുപ്പുകൾ കിട്ടണം എന്ന് അൻവർ ആവശ്യപ്പെട്ടിരിക്കുകയാണ്.

## അൻവറിന് മുന്നിൽ വാതിൽ തുറക്കില്ലെന്ന് വിഡി സതീശൻ

മലപ്പുറം: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ സ്വതന്ത്ര സ്ഥാനാർത്ഥി പിവി അൻവറിന് മുന്നിൽ ഇനി യുഡിഎഫ് വാതിൽ തുറക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വിഡി സതീശൻ. ദേശീയപാതയിലെ അപാകതകൾ പിഎസി അന്വേഷിക്കുന്നതിൽ സംസ്ഥാന സർക്കാരിന് എന്താണ് പ്രശ്നമെന്ന് ചോദിച്ച അദ്ദേഹം, സർക്കാരിന് ബിജെപിയെയും കേന്ദ്ര സർക്കാരിനെയും പേടിയാണെന്നും കുറ്റപ്പെടുത്തി. രാജ്ഭവനെ ആർഎസ്എസ് ആസ്ഥാനമാക്കരുതെന്നും അദ്ദേഹം പറഞ്ഞു.



ദേശീയപാതയിലെ അപാകതകൾ പിഎസി അന്വേഷിക്കുന്നതിൽ സംസ്ഥാന സർക്കാരിന് എന്താണ് പ്രശ്നം അഴിമതിയെ കുറിച്ചും, അപാകതകളെ കുറിച്ചും പഠിക്കാനുള്ള അധികാരം കെ സി വേണുഗോപാൽ അധ്യക്ഷനായ സമിതിക്കുണ്ട്. പാലാരിവട്ടം പാലത്തെ കുറിച്ച് എന്തെല്ലാം കോലാഹലങ്ങളായിരുന്നു ദേശീയ പാതാ നിർമ്മാണത്തിൽ വ്യാപക അഴിമതി നടന്നിട്ടുണ്ട്. അഴിമതിയും ക്രമക്കേടും മൂടിവയ്ക്കാനുള്ള ശ്രമമാണ് നടക്കുന്നത്. അന്വേഷണത്തെ എന്തിനാണ് സംസ്ഥാന സർക്കാർ ഭയക്കുന്നത് എല്ലാവരും ഉൾപ്പെടുന്ന സമിതിയാണ് പി എ സിയെന്നും അദ്ദേഹം പറഞ്ഞു.

## അൻവറിന് കത്രിക ചിഹ്നത്തിൽ മത്സരിക്കാം; 4 സ്ഥാനാർത്ഥികൾ പിന്മാറി, നിലമ്പൂരിൽ മത്സരരംഗത്ത് 10 പേർ മാത്രം

മലപ്പുറം: നിലമ്പൂർ ഉപതിരഞ്ഞെടുപ്പിലെ മത്സര ചിത്രം തെളിയുന്നു. നിലമ്പൂരിൽ സ്വതന്ത്രസ്ഥാനാർത്ഥിയായി മത്സരിക്കുന്ന പി വി അൻവറിന് 'കത്രിക' ചിഹ്നം അനുവദിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ഓട്ടോറിക്ഷ, കത്രിക, കപ്പ് ആൻഡ് സോസർ ചിഹ്നങ്ങൾക്കായിരുന്നു അൻവർ അപേക്ഷിച്ചത്. കഴിഞ്ഞ തവണ നിലമ്പൂരിൽ ഓട്ടോറിക്ഷ ചിഹ്നത്തിലായിരുന്നു പി വി അൻവർ മത്സരിച്ചത്. എന്നാൽ കേരള കോൺഗ്രസ് ജോസഫ് വിഭാഗത്തിന്റെ ചിഹ്നമായി ഇത് തെരഞ്ഞെടുപ്പ് കമ്മീഷൻ അംഗീകരിച്ച സാഹചര്യത്തിൽ ഇനി ഓട്ടോറിക്ഷ ചിഹ്നം ലഭിക്കാതെ പോയത്.

നാല് സ്ഥാനാർത്ഥികൾ പത്രിക പിൻവലിക്കാനുള്ള അവസാന തീയ്യതിയായ ഇന്ന് ഇതുവരെ പത്രികകൾ പിൻവലിച്ചു. ഇനി പ്രമുഖ സ്ഥാനാർത്ഥികളടക്കം പത്ത് പേരാണ് മത്സര രംഗത്തുള്ളത്. ഇതോടടെ യുഡിഎഫ് സ്ഥാനാർത്ഥി ആര്യാടൻ ഷൗക്കത്ത്, എൽഡിഎഫ് സ്ഥാനാർത്ഥി എം സ്വരാജ്, ബിജെപി സ്ഥാനാർത്ഥി അഡ്വ മോഹൻ ജോർജ്, പിവി അൻവർ എന്നിവർ തമ്മിലായിരിക്കും മത്സരമെന്ന് ഉറപ്പാവുകയാണ്.

അതേസമയം പിവി അൻവറിന്റെ അപരനായി കരുതിയിരുന്ന അൻവർ സാദത്ത് എന്ന സ്ഥാനാർത്ഥിയടക്കം പിന്മാറി. അൻവർ സാദത്തിന്റെ സ്ഥാനാർത്ഥിത്വത്തിന് പിന്നിൽ കോൺഗ്രസാണെന്ന് നേരത്തെ പിവി അൻവർ ആരോപിച്ചിരുന്നു. ഇയാളാണ് ഇപ്പോൾ പത്രിക പിൻവലിച്ചത്. മറ്റൊരാൾ പിവി അൻവറിന്റെ പത്രിക തള്ളപ്പെടുകയാണെങ്കിൽ പകരം മത്സരിക്കാനെന്നോണം ഡമ്മി സ്ഥാനാർത്ഥിയായി പത്രിക നൽകിയ അബ്ദുറഹ്മാനാണ്. സാദിക് നടുത്തൊടി എന്ന എസ്ഡിപിഐ സ്ഥാനാർത്ഥിയുടെ ഡമ്മിയായി പത്രിക നൽകിയ മുജീബും ഒരു സ്വതന്ത്ര സ്ഥാനാർത്ഥിയും പത്രിക പിൻവലിച്ചു.

### കാൽസ്യം കാർബൈഡ് മുതൽ തേങ്ങ വരെ...

## മുങ്ങിയ കപ്പലിലെ വസ്തുക്കളുടെ പട്ടിക പുറത്ത് വിട്ട് സംസ്ഥാന സർക്കാർ

തിരുവനന്തപുരം: കൊച്ചി പുറംകടലിൽ മുങ്ങിയ ലൈബീരിയൻ ചരക്കുകപ്പൽ എംഎസ്സി എൽസ 3യിലെ കണ്ടെയ്നറുകളിലുണ്ടായിരുന്ന വസ്തുക്കളുടെ പട്ടിക പുറത്ത് വിട്ട് സംസ്ഥാന സർക്കാർ.

കപ്പലിൽ ആകെ 643 കണ്ടെയ്നറുകളാണുണ്ടെന്ന് സർക്കാർ വ്യക്തമാക്കി. ഇതിലെ 640 കണ്ടെയ്നറുകളിലെ വിശദവിവരങ്ങളാണ് കപ്പൽ അധികൃതർ കൈമാറിയിട്ടുള്ളത്.



കപ്പലിലുണ്ടായിരുന്ന 13 കണ്ടെയ്നറുകളിലുള്ളത് കാൽസ്യം കാർബൈഡ് എന്ന രാസവസ്തുവാണ് സൂക്ഷിച്ചിരുന്നത്. ഇത് വെള്ളവുമായി ചേർന്നാൽ പെട്ടെന്ന് തീപിടിക്കുന്ന അസറ്റലിൻ എന്ന വാതകമായി മാറും. ഇത് മനുഷ്യശരീരത്തിന് ഹാനികരമാണ്. ഇതിൽ ഇവയിൽ 6 എണ്ണം കപ്പലിന്റെ അകത്തെ അറയിലായിരുന്നു. പുറത്തുണ്ടായിരുന്ന 7 എണ്ണമാണ് കടലിൽ വീണത്. 'CASH' എന്ന് രേഖപ്പെടുത്തിയ 4 കണ്ടെയ്നറുകളും കപ്പലിലുണ്ടായിരുന്നു. 46 എണ്ണത്തിൽ തേങ്ങ, 87 കണ്ടെയ്നറുകളിൽ തടി, 60 കണ്ടെയ്നറുകളിൽ പോളിമർ അസംസ്കൃത വസ്തുക്കൾ, 39 കണ്ടെയ്നറുകളിൽ വസ്ത്രനിർമാണത്തിനുള്ള പഞ്ഞിയും 71 കണ്ടെയ്നറുകൾ കാലിയുമാണെന്നാണ് സംസ്ഥാന സർക്കാർ വ്യക്തമാക്കുന്നത്.

## പരിസ്ഥിതി ദിനത്തിൽ സിന്ദൂർ തൈ നട്ട് മോദി

ന്യൂഡൽഹി: പരിസ്ഥിതി ദിനത്തിൽ സിന്ദൂർ തൈ നട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി. വസതിയോട് ചേർന്ന് ചെടി നടുന്ന ചിത്രം പ്രധാനമന്ത്രി എക്സിലൂടെ പങ്കു വച്ചു. ഗുജറാത്ത് സന്ദർശനത്തിനിടെ കച്ചിലെ ധീര വനിതകൾ സമ്മാനിച്ചതാണ് സിന്ദൂർ തൈ എന്നും അദ്ദേഹം എക്സിൽ കുറിച്ചിട്ടുണ്ട്.

1971 ലെ യുദ്ധകാലത്ത് അസാമാന്യ ധൈര്യം പ്രകടിപ്പിച്ച കച്ചിലെ ധീരരായ അമ്മമാരും സഹോദരിമാരുമാണ് തനിക്ക് തൈ സമ്മാനിച്ചതെന്നും ഈ തൈ നമ്മുടെ നാട്ടിലെ സ്ത്രീകളുടെ ശക്തിയുടെയും ധൈര്യത്തിന്റെയും പ്രതീകമാണെന്നും അദ്ദേഹം കുറിച്ചിട്ടുണ്ട്.

അന്നാട്ടോ അഥവാ ബിക്സ് ഓർലെന എന്നറിയപ്പെടുന്ന സിന്ദൂർചെടിക്ക് സാംസ്കാരികവും മതപരവുമായ പ്രാധാന്യത്തിനു പുറമേ ഔഷധഗുണങ്ങളുമുണ്ട്. ചെടിയുടെ കായിൽ നിന്നു ലഭിക്കുന്ന ചുവന്ന നിറം സിന്ദൂരത്തിനായി ഉപയോഗിക്കാറുണ്ട്. ആൻറി ഇൻഫ്ലമേറ്ററി, ആൻറിഓക്സിഡൻറ് ഗുണങ്ങളും ചെടിക്കുണ്ട്.







### രാജ്ഭവനിലെ ഭാരതമാതാവ് ചിത്രവിവാദം

## പരിസ്ഥിതി ദിനാഘോഷം ഭാരതാംബയുടെ ചിത്രത്തിന് മുന്നിൽ തന്നെ; ചിത്രങ്ങൾ പുറത്തുവിട്ട് രാജ്ഭവൻ

തിരുവനന്തപുരം: രാജ്ഭവനിലെ ഭാരത മാതാവ് ചിത്ര വിവാദത്തെ തുടർന്ന് പരിസ്ഥിതി ദിനാഘോഷത്തിന്റെ ചിത്രങ്ങൾ പുറത്തുവിട്ട് രാജ്ഭവൻ. ഭാരതാംബയുടെ ചിത്രത്തിന് മുന്നിൽ തന്നെയാണ് രാജ്ഭവനിൽ പരിസ്ഥിതി ദിനാഘോഷം നടത്തിയത്. ചിത്രത്തിന് മുന്നിൽ പൂക്കൾ അർപ്പിച്ചാണ് ഗവർണർ രാജേന്ദ്ര ആർലേർ പരിപാടി ആരംഭിച്ചത്. സംഭവത്തിൽ കടുത്ത നിലാപടാണ് ഗവർണർ സ്വീകരിച്ചിരിക്കുന്നത്. ഭാരതാംബയുടെ ചിത്രം രാജ്ഭവനിൽ നിന്ന് മാറ്റില്ല. ഭാരതാംബ രാജ്യത്തിന്റെ അടയാളമെന്ന് ഗവർണർ പറഞ്ഞു. മന്ത്രിമാർ പരിപാടിയിൽ പങ്കെടുക്കാത്തതിലും ഗവർണർ പ്രതിഷേധമറിയിച്ചു. മന്ത്രിമാർക്ക് വരാൻ കഴിയാത്ത എന്താണുള്ളതെന്നായിരുന്നു ഗവർണറുടെ ചോദ്യം.

ലോകപരിസ്ഥിതി ദിനാഘോഷത്തിന്റെ സംസ്ഥാന തല ഉദ്ഘാടനമായിരുന്നു രാവിലെ രാജ്ഭവനിൽ നടക്കേണ്ടിയിരുന്നത്. കൃഷിമന്ത്രിയുടെ സന്നിധ്യത്തിൽ ഗവർണ്ണർ മുഖ്യാതിഥി. പക്ഷെ പരിപാടി നടക്കേണ്ട രാജ്ഭവൻ സെൻട്രൽ ഹാളിളെ വെച്ച ഭാരതാംബയുടെ ഫോട്ടോയെ ചൊല്ലി കൃഷിവകുപ്പ് ഉടക്കി. ഇന്നലെ രാത്രി വേദി പരിശോധിച്ച കൃഷി വകുപ്പ് ഉദ്യോഗസ്ഥർ ഫോട്ടോയുടെ കാര്യം മന്ത്രിയെ അറിയിച്ചു. കൃഷിമന്ത്രി ഫോട്ടോ മാറ്റാൻ രാജ്ഭവനോട് ആവശ്യപ്പെട്ടു. പകരം ഭാരതാംബയുടെ മറ്റൊരു ചിത്രം വെക്കാമെന്ന നിർദ്ദേശം മന്ത്രിയുടെ ഓഫീസ് വെച്ചെങ്കിലും നിലവിലെ ഫോട്ടോ മാറ്റാൻ ഗവർണ്ണർ തയ്യാറായില്ല. ഇതോടെ മുഖ്യമന്ത്രിയുമായി ആലോചിച്ച് കൃഷിമന്ത്രി പരിപാടി ഉപേക്ഷിച്ചു. അതിനിടെ, ഭാരത മാതാവിന്റെ ചിത്രം രാജ് ഭവനിൽ വയ്ക്കുന്നത് ശരിയല്ല. രാജ് ഭവൻ ഇത്തരം പരിപാടികൾക്ക് വേദിയാക്കരുത്. രാജ്ഭവൻ ആർ എസ് എസിന്റെ ആസ്ഥാനമാക്കരുതെന്ന് വിഡി സതീശൻ പറഞ്ഞു.

# ഗുട്ഖ തുപ്പാൻ കാർ ഡോർ തുറന്നു; ഒരാൾ മരിച്ചു, 3 പേർക്ക് പരുക്ക്

ബിലാസ്പൂർ: ദേശീയപാതയിലൂടെ യാത്ര ചെയ്യുന്നതിനിടെ ഗുട്ഖ തുപ്പാനായി ഡ്രൈവർ കാറിന്റെ ഡോർ തുറന്നതിനു പിന്നാലെയുണ്ടായ അപകടത്തിൽ യാത്രക്കാരൻ മരിച്ചു. ഛത്തിസ്ഗഢിലെ ബിലാസ്പുരിൽ തിങ്കളാഴ്ചയാണ് സംഭവം. ചകർബാത്തയിൽ നിന്നുള്ള വസ്ത്രവ്യാപാരിയായ ജാക്കി ഗേഹിയാണ് (31) മരിച്ചത്. അപകടത്തിൽ മൂന്ന് പേർക്ക് ഗുരുതരമായി പ



രുക്കേറ്റിട്ടുമുണ്ട്. മണിക്കൂറിൽ 100 കിലോമീറ്റർ വേഗത്തിൽ സഞ്ചരിക്കുന്നതിനിടെയാണ് ഇന്നോവയുടെ ഡോർ ഡ്രൈവർ തുറന്നത്.

ഞായറാഴ്ച സുഹൃത്തിന്റെ പാർട്ടിയിൽ പങ്കെടുത്തതിനു ശേഷം തിരിച്ചു വരുകയായിരുന്നു ജാക്കി. സുഹൃത്തായ ആകാശ് ചന്ദാനി, പങ്കജ് ഛബ്ര എന്നിവരാണ് ജാക്കിയെ കൂട്ടിക്കൊണ്ടു പോകുന്നതിനായി എത്തിയത്. ആകാശാണ് വാഹനം ഓടിച്ചിരുന്നത്. പങ്കജ് മുൻപിലെ സീറ്റിലും ജാക്കി ബാക് സീറ്റിലുമായിരുന്നു. ബിലാസ്പൂർ റായ്പൂർ റോഡിൽ വച്ചാണ് ഗുട്ഖ തുപ്പാനായി ആകാശ് അപ്രതീക്ഷിതമായി ഡോർ തുറന്നത്.

ഉടൻ തന്നെ ഡിവൈഡറിൽ ഇടിച്ച കാർ പല തവണ റോഡിൽ മലക്കം മറിഞ്ഞു. കാറിൽ നിന്ന് തെറിച്ചു വീണ ജാക്കി ഡിവൈഡറിലെ കല്ലിൽ നെഞ്ചും തലയും ഇടിച്ചു വീണു. തൽസമയം തന്നെ മരണം സംഭവിച്ചു. റോഡിൽ നിർത്തിയിട്ടിരുന്ന മറ്റൊരു കാറിലും ഇന്നോവ ഇടിച്ചു. ആകാശ്, പങ്കജ് എന്നിവരെ ഗുരുതരമായ പരുക്കുകളോടെയും നിർത്തിയിട്ടിരുന്ന കാറിന്റെ ഡ്രൈവറെ ചെറിയ പരുക്കുകളോടെയും ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്.

# പ്രായപൂർത്തിയാകാത്ത മകളെ പീഡിപ്പിച്ച സംഭവം; അമ്മയും കാമുകനും അറസ്റ്റിൽ

ലഖനൗ: പ്രായപൂർത്തിയാകാത്ത പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ അമ്മയായ മുൻ ബിജെപി നേതാവും കാമുകനും അറസ്റ്റിൽ. ഹരിദ്വാറിലെ മുൻ ബിജെപി നേതാവായ യുവതിയെയും കാമുകനായ സുമിത് പത്വാളിനെയുമാണ് പൊലീസ് അറസ്റ്റ് ചെയ്തത്.

പെൺകുട്ടിയെ പീഡിപ്പിച്ച മറ്റു ചിലർക്കെതിരെയും കുട്ടി മൊഴി നൽകിയിട്ടുണ്ട്. ഇവർക്കായുള്ള അന്വേഷണം തുടരുക



യാണെന്നും പൊലീസ് പറഞ്ഞു. പതിമൂന്ന് വയസുകാരിയെയാണ് അമ്മയും കാമുകനും സുഹൃത്തുകളും ചേർന്ന് ലൈംഗികമായി ചൂഷണം ചെയ്തത്.

പെൺകുട്ടിയെ പീഡിപ്പിക്കാനുള്ള അനുവാദം നൽകിയതിനാണ് അമ്മയെയും പൊലീസ് അറസ്റ്റ് ചെയ്തത്. തന്നെ പീഡിപ്പിക്കാൻ അമ്മ അനുവാദം നൽകിയെന്ന് പെൺകുട്ടിയും മൊഴി നൽകിയിട്ടുണ്ട്. കുട്ടിയുടെ അമ്മയും ഭർത്താവും നിലവിൽ വേർപിരിഞ്ഞാണ് താമസിക്കുന്നത്.

കുട്ടി നിലവിൽ അച്ഛനൊപ്പമാണ് താമസിച്ചുവരുന്നത്. ഇതിനിടെയാണ് പെൺകുട്ടി അച്ഛനോട് പീഡനവിവരം വെളിപ്പെടുത്തിയത്. തുടർന്ന് ഇവർ പൊലീസിൽ പരാതി നൽകുകയായിരുന്നു.

പരാതിയെ തുടർന്ന് നടത്തിയ വൈദ്യപരിശോധനയിൽ പെൺകുട്ടി പീഡനത്തിനിരയായ വിവരം സ്ഥിരീകരിച്ചിട്ടുണ്ട്. തുടർന്ന്, അമ്മയെയും കാമുകനെയും കസ്റ്റഡിയിലെടുക്കുകയും പ്രതികളുടെ അറസ്റ്റ് രേഖപ്പെടുത്തുകയുമായിരുന്നു.

# ഹണിമൂണിനിടെ ദമ്പതികളെ കാണാതായ സംഭവം; ഭർത്താവിന്റെ മരണം വടിവാൾ കൊണ്ട് കുത്തേറ്റെന്ന് പൊലീസ്

ഭോപ്പാൽ: മേഘാലയയിൽ ഹണിമൂൺ ആഘോഷിക്കാൻ പോയി കാണാതായ ദമ്പതികളിൽ ഭർത്താവിന്റെ മൃതദേഹം കണ്ടെടുത്തതുമായി ബന്ധപ്പെട്ട കേസിൽ നിർണായക കണ്ടെത്തൽ.

രാജാ രഘുവംശിയെ വടിവാൾ ഉപയോഗിച്ചാണ് കൊലപ്പെടുത്തിയതെന്ന് പൊലീസ്. മൃതദേഹം കണ്ടെത്തിയ സ്ഥലത്തിന് സമീപത്ത് നിന്ന് കൊലപ്പെടുത്താൻ ഉപയോഗിച്ചതായി പറയപ്പെടുന്ന വടിവാളും മൊബൈൽ ഫോണും കണ്ടെത്തി. മേഘാലയ പൊലീസിന്റെ പ്രത്യേക അന്വേഷണ സംഘം (എസ്ഐടി) മാണ് ഇക്കാര്യം അറിയിച്ചത്.മെയ് 11 ന് വിവാഹിതരായ രാജവും സോനവും മെയ് 20 നാണ് ഗുവാഹത്തിയിലേക്ക്



പോയതെന്ന് ബന്ധുക്കൾ പറയുന്നു. മെയ് 23ന് ചിറാപുഞ്ചിയിൽ എത്തിയപ്പോൾ ദമ്പതികൾ വീട്ടിൽ വിളിച്ച് സംസാരിച്ചിരുന്നു. പിന്നീട് ഒരു വിവരവും ഇല്ല. ഫോൺ സ്വിച്ച് ഓഫ് ചെയ്ത നിലയിലാണ്. കാണാതായി 11 ദിവസങ്ങൾക്ക് ശേഷം മേഘാലയിലെ ആഴമുള്ള ഒരു മലയിടുക്കിൽ നിന്നാണ് രാജാ രഘുവംശിയുടെ മൃതദേഹം കണ്ടെടുത്തത്. ഭാര്യ സോനത്തിനായുള്ള തെരച്ചിൽ ഇപ്പോഴും തുടരുകയാണ്.30കാരനായ ഇൻഡോർ സ്വദേശി രാജ രഘു വംശി വ്യവസായിയാണ്. ദമ്പതികളെ തട്ടിക്കൊണ്ടുപോയതാവാമെന്ന സംശയം ബന്ധുക്കൾ ഉന്നയിച്ചിരുന്നു. പ്രദേശത്തെ ഹോട്ടൽ ജീവനക്കാർക്കും ഇരുചക്ര വാഹനങ്ങൾ വാടകയ്ക്ക് നൽകുന്നവർക്കും പങ്കുണ്ടാവാമെന്ന സംശയവും കുടുംബം പങ്കുവച്ചു. എന്നാൽ എന്താണ് സംഭവിച്ചതെന്ന വ്യക്തമായ സൂചനകൾ ഇതുവരെ പൊലീസിന് ലഭിച്ചിട്ടില്ല.

# ബെംഗളൂരു ദുരന്തം: പൊലീസ് മുന്നോട്ട് വച്ച ഉപാധികൾ സംഘാടകരും സർക്കാരും തള്ളി



ബെംഗളൂരു: ഇന്നലെ 11 പേരുടെ മരണത്തിലേക്ക് നയിച്ച ആർസിബി ടീമിന്റെ സ്വീകരണ പരിപാടി നടത്തിയത് പൊലീസ് മുന്നോട്ട് വെച്ച നിർദ്ദേശങ്ങൾ തള്ളിക്കൊണ്ടാണെന്ന് വ്യക്തമായി. പരിപാടി ഒരു വേദിയിലേക്ക് മാത്രം ചുരുക്കണമെന്നും അല്ലെങ്കിൽ ഞായറാഴ്ചയിലേക്ക് മാറ്റണമെന്നും എന്നായിരുന്നു പൊലീസിന്റെ നിർദേശം. എന്നാൽ രണ്ട് ഉപാധികളും ആർസിബി ടീം അംഗീകരിച്ചില്ല.

ഫൈനലിന് തൊട്ട് പിറ്റേന്നുള്ള ആരാധകരുടെ ആവേശം ഞായറാഴ്ചയാണെങ്കിൽ കുറയുമെന്ന് പൊലീസ് സംഘാടകരോട് പറഞ്ഞിരുന്നു. ഫൈനൽ നടന്ന കഴിഞ്ഞ ദിവസം പുലർച്ചെ തെരുവിൽ ഇറങ്ങിയ ആരാധകരെ നിയന്ത്രിക്കാൻ തന്നെ പ്രയാസപ്പെട്ടിരുന്നുവെന്നും പൊലീസ് പറഞ്ഞു. പൊലീസ് ഉദ്യോഗസ്ഥർ ക്ഷീണിതരാണെന്നും സർക്കാരിനെ അറിയിച്ചിരുന്നു. വിപുലമായ സുരക്ഷ ക്രമീകരണത്തിന് സമയം ഇല്ലെന്ന് സർക്കാരിനെ അറിയിച്ചിരുന്നെന്നും പൊലീസ് വൃത്തങ്ങൾ പറയുന്നു. സർക്കാരിനെയും ആർസിബിയെയും കർണാടക ക്രിക്കറ്റ് അസോസിയേഷനെയും ഇക്കാര്യം അറിയിച്ചിരുന്നു. എന്നാൽ ടീമിലെ വിദേശ താരങ്ങൾക്ക് ഉടൻ മടങ്ങണം എന്നായിരുന്നു ആർസിബി പ്രതികരണം.

അപകടവുമായി ബന്ധപ്പെട്ട് അന്വേഷണം നടത്തുന്ന മജിസ്റ്റീരിയൽ കമ്മീഷന് മുന്നിൽ ബെംഗളൂരു പൊലീസ് അർബൻ ഡെപ്യൂട്ടി കമ്മീഷണർ വിശദീകരണം നൽകുമെന്നാണ് വിവരം. വിക്റ്ററി പരേഡ് നടത്തുന്ന വിവരം ഉന്നത പൊലീസുദ്യോഗസ്ഥർ അറിഞ്ഞിരുന്നില്ല, ഓപ്പൺ ബസ്സിൽ സജ്ജീകരണമൊരുക്കിയതും പൊലീസ് അനുമതിയില്ലാതെയാണ്. ആളുകൾ വൻതോതിൽ തടിച്ച് കൂടിയ ശേഷം അനുമതിക്ക് പൊലീസിന് മേൽ സമ്മർദ്ദം ചെലുത്തി, വിക്റ്ററി പരേഡിന് അവസാന നിമിഷവും പൊലീസ് അനുമതി നൽകിയില്ലെന്നും പൊലീസ് പറയുന്നു.

എന്നാൽ വിക്റ്ററി പരേഡ് നടക്കുമെന്ന പ്രഖ്യാപനം സംഘാടകർ സമൂഹമാധ്യമങ്ങൾ വഴി നടത്തിയെന്നാണ് പൊലീസ് കുറ്റപ്പെടുത്തുന്നത്. ഇതേ തുടർന്ന് എല്ലാ റോഡുകളിലെയും വാഹനഗതാഗതം അടച്ച് സ്ഥിതി നിയന്ത്രിക്കാൻ പൊലീസ് ശ്രമിച്ചു. ആർസിബിയും കർണാടക ക്രിക്കറ്റ് അസോസിയേഷനും ചേർന്നാണ് ചിന്നസ്വാമിയിലെ പരിപാടി നടത്തിയത്. 5000 പൊലീസുകാരെയാണ് സ്ഥലത്ത് വിന്യസിച്ചത്. ഒരു ഉദ്യോഗസ്ഥൻ 100 പേരെ കൈകാര്യം ചെയ്യണമെന്ന നിലയിലായിരുന്നു വിന്യാസം. ചുരുങ്ങിയ സമയത്ത് അത്തരമൊരു വിന്യാസം മാത്രമേ സാധ്യമാവുമായിരുന്നുള്ളൂ. ഗേറ്റുകളെല്ലാം ഒരു സമയത്തല്ല തുറന്നത്, ഓരോ ഗേറ്റായാണ് തുറന്നത്. ഗേറ്റുകൾ എപ്പോൾ എങ്ങനെ തുറക്കും, ആർക്കെല്ലാം കയറാമെന്നതിൽ ഒരു ആശയവിനിമയവും സംഘാടകർ പൊലീസിന് നൽകിയില്ല. ഓരോ ഗേറ്റുകളും തുറന്നപ്പോൾ അവിടേക്ക് ആൾക്കൂട്ടം ഒഴുകി, ഇത് നിയന്ത്രിക്കാൻ പൊലീസ് ബുദ്ധിമുട്ടി. വിധാന സൗധയിലെ പരിപാടി കഴിഞ്ഞപ്പോൾ അവിടെയുണ്ടായിരുന്നവരും ചിന്നസ്വാമിക്ക് സമീപത്തേക്ക് എത്തി. ഒരു ആശയവിനിമയവും സാധ്യമായിരുന്നില്ല, നെറ്റ്‌വർക്കുകളെല്ലാം ജാമായിരുന്നവെന്നും പൊലീസ് പറയുന്നു.

## 'കുംഭമേളയിൽ 60 പേരോളം മരിച്ചില്ലേ, ഞങ്ങൾ വിമർശിച്ചോ'; ചിന്നസ്വാമി സംഭവത്തിൽ പ്രതികരണവുമായി സിദ്ധരാമയ്യ

ബെംഗളൂരു: കുംഭമേളയിലടക്കം തിക്കിലും തിരക്കിലും പെട്ട് മുമ്പും രാജ്യത്ത് മരണങ്ങളുണ്ടായിട്ടുണ്ടെന്ന് കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ. 11 പേരുടെ മരണത്തിനിടയാക്കിയ ബെംഗളൂരു സംഭവത്തിൽ പ്രതിപക്ഷത്തിന്റെ വിമർശനത്തിന് പിന്നാലെയാണ് മുഖ്യമന്ത്രിയുടെ പ്രതികരണം.

സംഭവത്തിൽ തന്റെ സർക്കാർ രാഷ്ട്രീയം കളിക്കില്ലെന്നും അദ്ദേഹം പത്രസമ്മേളനത്തിൽ വ്യക്തമാക്കി. ഈ സംഭവത്തെ ന്യായീകരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സർക്കാർ ഇതിൽ രാഷ്ട്രീയം കളിക്കില്ല. മജിസ്റ്റീരിയൽ അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ട്. 15 ദിവസത്തെ സമയം നൽകി. ആളുകൾ സ്റ്റേഡിയത്തിന്റെ ഗേറ്റുകൾ പോലും തകർത്തു. തിക്കിലും തിരക്കിലും പെട്ടു. ഇത്രയും വലിയ ജനക്കൂട്ടം ആരും പ്രതീക്ഷിച്ചിരുന്നില്ല. സ്റ്റേഡിയത്തിൽ 35,000 പേർക്ക് മാത്രമേ ഇരിക്കാൻ കഴിയൂ. പക്ഷേ 23 ലക്ഷം പേർ എത്തിയെന്നും മുഖ്യമന്ത്രി സിദ്ധരാമയ്യ പറഞ്ഞു.

പ്രതിപക്ഷമായ ബിജെപിയുടെ വിമർശനം ശ്രദ്ധയിൽപ്പെടുത്തിയപ്പോഴാണ് സിദ്ധരാമയ്യ കുംഭമേള ഉദാഹരണമായി ചൂണ്ടിക്കാട്ടിയത്. ഇത്തരം സംഭവങ്ങൾ പലയിടത്തും ഉണ്ടായിട്ടുണ്ട്. ഇവിടെയും സംഭവിച്ചു എന്ന് പറഞ്ഞുകൊണ്ട് ഞാൻ അതിനെ പ്രതിരോധിക്കില്ല. കുംഭമേളയിൽ 5060 പേർ മരിച്ചു. ഞാൻ വിമർശിച്ചില്ല. കോൺഗ്രസ് വിമർശിച്ചെങ്കിൽ അത് വേറെ കാര്യമാണ്. ഞാനോ കർണാടക സർക്കാരോ സംഭവത്തെ വിമർശിച്ചില്ലെന്നും അദ്ദേഹം പറഞ്ഞു. അതേസമയം, മരണങ്ങൾക്ക് മുഖ്യമന്ത്രി സിദ്ധരാമയ്യയെയും ആഭ്യന്തരമന്ത്രി ജി പരമേശ്വരയെയും കുറ്റപ്പെടുത്തി ബിജെപി രംഗത്തെത്തി.

സംസ്ഥാന സർക്കാർ പൊലീസിൽ സമ്മർദ്ദം ചെലുത്തുകയും ശരിയായ ആസൂത്രണമോ മതിയായ സുരക്ഷാ ക്രമീകരണങ്ങളോ ഇല്ലാതെ പരിപാടി സംഘടിപ്പിക്കുകയും ചെയ്തുവെന്ന് കർണാടക ബിജെപി പ്രസിഡന്റ് ബി വൈ വിജയേന്ദ്ര ആരോപിച്ചു. ഐപിഎൽ ക്രിക്കറ്റ് ടൂർണമെന്റിൽ ആർസിബിയുടെ ചരിത്രപരമായ വിജയം ആഘോഷിക്കാൻ ആയിരക്കണക്കിന് ആരാധകർ ഒത്തുകൂടിയ ചിന്നസ്വാമി സ്റ്റേഡിയത്തിന് സമീപമുണ്ടായ തിക്കിലും തിരക്കിലുമാണ് 11 പേർ കൊല്ലപ്പെടുകയും 33 പേർക്ക് പരിക്കേൽക്കുകയും ചെയ്തത്.

## കർണാടക ഹൈക്കോടതി സ്വമേധയാ കേസെടുത്തു

ബംഗളൂരു: ബംഗളൂരു ദുരന്തത്തിൽ സ്വമേധയാ കേസെടുത്ത് കർണാടക ഹൈക്കോടതി. ബുധനാഴ്ച ഐപിഎൽ വിജയാഘോഷത്തിനിടെ ചിന്നസ്വാമി സ്റ്റേഡിയത്തിൽ തിക്കിലും തിരക്കിലും പെട്ട് 11 പേർ മരിക്കുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും ചെയ്ത സംഭവത്തിലാണ് കോടതി നടപടി. വ്യാഴാഴ്ച ഉച്ചയ്ക്ക് ശേഷം 2.30 ഓടെ കോടതി കേസ് പരിഗണിക്കുമെന്നാണ് വിവരം.

35,000 പേരെ മാത്രം ഉൾക്കൊള്ളുന്ന സ്റ്റേഡിയത്തിലേക്ക് ഇരച്ചെത്തിയത് മൂന്നു ലക്ഷത്തോളം പേരാണ്. തുടർന്ന് പ്രവേശന കവാടം തുറന്നതോടെ നിയന്ത്രണാതീതമായി തിരക്കുണ്ടാവുകയും നിരവധി പേർക്ക് പരുക്കേൽക്കുകയും കൊല്ലപ്പെടുകയുമായിരുന്നു. മരിച്ചവരിൽ സ്ത്രീകളും കുട്ടികളും ഉൾപ്പെടുന്നതായാണ് വിവരം.

# ട്രാഫിക്ക് ബ്ലോക്കിൽ വെച്ച് വ്യവസായിയെ വെടിവെച്ചുകൊന്ന കേസിലെ പ്രതികളെ പൊലീസ് വെടിവെച്ചു വീഴ്ത്തി

ന്യൂഡൽഹി: ട്രാഫിക് ബ്ലോക്കിൽ വെച്ച് വ്യവസായിയെ വെടിവെച്ചുകൊന്ന കേസിലെ രണ്ട് പ്രതികളെ പൊലീസ് വെടിവെപ്പിൽ പരിക്കേറ്റ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. വ്യാഴാഴ്ച പുലർച്ചെയായിരുന്നു ഏറ്റുമുട്ടൽ. കഴിഞ്ഞ മാസമാണ് കേസിന് ആധാരമായ കൊലപാതകം നടന്നത്. അന്നു മുതൽ പ്രതികൾ പൊലീസിനെ വെട്ടിച്ച് ഒളിവിൽ കഴിയുകയായിരുന്നു.

വ്യാഴാഴ്ച പുലർച്ചെ സൗത്ത് ഡൽഹിയിലെ ബിആർടി കോറിഡോറിലൂടെ പ്രതികൾ ബൈക്കിൽ സഞ്ചരിക്കുകയായിരുന്നു. ഇവിടെയുള്ള സിഎൻജി പമ്പിനടത്തു വെച്ച് ഇവർ പൊലീസുകാർക്ക് നേരെ വെടിവെച്ചു. പൊലീസ് തിരിച്ച് നടത്തിയ വെടിവെപ്പിലാണ് രണ്ട്



പേർക്ക് പരിക്കേറ്റത്. തുടർന്ന് ഇവരെ ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

മേയ് 15നാണ് വ്യവസായിയായ അരുൺ ലോഹിയയെ ഡൽഹി ഛത്താർപൂരിൽ വെച്ച് കാറിൽ സഞ്ചരിക്കവെ ഒരു സംഘം വെടിവെച്ചുകൊന്നത്. അച്ഛനൊപ്പം കാറിൽ സഞ്ചരിക്കുമ്പോഴായിരുന്നു ഇത്. സാകേതിലെ കോടതിയിൽ ഹാജരായ ശേഷം മടങ്ങുമ്പോൾ ഒരു ഗുരുദ്വാരയ്ക്ക് സമീപം കാർ ട്രാഫിക് ബ്ലോക്കിൽ കുരുങ്ങി. ഈ സമയത്താണ് രണ്ട് പേർ കാറിനടുത്തേക്ക് ഓടിയെത്തി തൊട്ടടുത്ത് നിന്ന് അരുണിനെ വെടിവെച്ചത്.

സംഭവസ്ഥലത്തു വെച്ച തന്നെ അരുൺ മരണപ്പെട്ടു. തൊട്ടടുത്ത സീറ്റിലിരുന്ന് അച്ഛൻ ഈ രംഗങ്ങളെല്ലാം കാണുകയും ചെയ്തു. ഡ്രൈവിങ് സീറ്റിലിരിക്കുകയായിരുന്ന മകന് രക്ഷപ്പെടാൻ ശ്രമിക്കാനുള്ള അവസരം പോലും കിട്ടിയില്ലെന്ന് അച്ഛൻ പിന്നീട് പറഞ്ഞു. ഈ സംഭവത്തിൽ അന്വേഷണം പുരോഗമിക്കുകയാണെന്ന് പൊലീസ് അറിയിച്ചിട്ടുണ്ട്. കൊലപാതകത്തിന്റെ കാരണം ഉൾപ്പെടെയുള്ളവ പൊലീസ് പുറത്തുവിട്ടിട്ടില്ല.

# ബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ അമ്മയെ ചികിത്സിച്ചതിന് ഡോക്ടറെ മരത്തിൽ കെട്ടിയിട്ട് മർദിച്ചു

പറ്റ്ന: ബിഹാറിലെ ഗയയിൽ ബലാത്സംഗത്തിനിരയായ പെൺകുട്ടിയുടെ അമ്മയെ ചികിത്സിച്ച ഡോക്ടറെ മരത്തിൽ കെട്ടിയിട്ട് ആക്രമിച്ചു.

ആളുകൾ നോക്കിനിൽക്കെയാണ് ഡോക്ടറെ ക്രൂരമായി മർദിച്ചത്. ഫത്തേപൂർ പൊലീസ് സ്റ്റേഷൻ പരിധിയിൽ ചൊവ്വാഴ്ചയാണ് സംഭവം. ഡോ. ജിതേന്ദ്ര യാദവിനെയാണ് മർദിച്ചത്.

ഗുർപ പൊലീസ് സ്റ്റേഷൻ പരിധിയിലെ ജുരാങ് ഗ്രാമത്തിലാണ് ജിതേന്ദ്ര യാദവ് താമസിക്കുന്നത്. കൂട്ട ബലാത്സംഗത്തിനിരയായ ഒരു പെൺകുട്ടിയുടെ അമ്മയെ ചികിത്സിച്ചതിനാണ് ഒരു കൂട്ടം ഗ്രാമവാസികൾ ഡോക്ടറെ ലക്ഷ്യമിട്ടതെന്ന് കുടുംബം ആരോപിച്ചു.

ഡോക്ടറെ വീട്ടിൽ നിന്ന് വലിച്ചിഴച്ച് മരത്തിൽ കെട്ടിയിട്ട ശേഷം ഇരുമ്പ് ദണ്ഡുകളും വടികളും ഉപയോഗിച്ച് രക്തത്തിൽ കുളിക്കുന്നതുവരെ മർദിച്ചുവെന്ന് ബലാത്സംഗത്തിന് ഇരയായ പെൺകുട്ടിയുടെ കുടുംബം പറഞ്ഞു. ഡോക്ടർ തന്നെ ചികിത്സിക്കാൻ വീട്ടിൽ വന്നിരുന്നുവെന്ന് അതിജീവിതയുടെ അമ്മ വ്യക്തമാക്കി.

2021ൽ ചിലർ എന്റെ മകളെ ബലാത്സംഗം ചെയ്തു. ഞങ്ങൾ എല്ലാ പ്രതികളുടെയും പേര് നൽകി ഫത്തേപൂർ പൊലീസ് സ്റ്റേഷനിൽ കേസ് ഫയൽ ചെയ്തു. മെയ് 30 ന് ഞങ്ങൾ കോടതിയിൽ മൊഴി നൽകി, ഒരാൾ അറസ്റ്റിലായി, മറ്റുള്ളവർ ഒളിവിലാണ്. ഇതിൽ പ്രകോപിതരായ അവരുടെ കുടുംബങ്ങൾ ഞങ്ങളെ ആക്രമിച്ചു അവർ കൂട്ടിച്ചേർത്തു.

അഞ്ച് സ്ത്രീകളും മൂന്ന് പുരുഷൻമാരും അടങ്ങുന്ന സംഘമാണ് തങ്ങളുടെ വീട്ടിലേക്ക് ഇരച്ചുകയറിയതെന്നും അമ്മ പറഞ്ഞു. ആദ്യം അവർ എന്റെ വൃദ്ധയായ അമ്മയെയും മകളെയും തല്ലിച്ചതച്ചു, പിന്നീട്



ഡോക്ടറെ വലിച്ചിഴച്ച് ഒരു മരത്തിൽ കെട്ടിയിട്ട് നിഷ്കരുണം തല്ലിച്ചതച്ചു പെൺകുട്ടിയുടെ അമ്മ പറയുന്നു.

ഇതു കണ്ട കുടുംബത്തിലെ മറ്റൊരു പെൺകുട്ടി പ്രദേശത്ത് പട്രോളിങ് നടത്തുന്ന പൊലീസ് സംഘത്തെ വിവരമറിയിക്കുകയായിരുന്നു. എന്നാൽ പൊലീസ് എത്തിയപ്പോഴേക്കും അക്രമികൾ ഓടി രക്ഷപ്പെട്ടിരുന്നു.

ബലാത്സംഗ ആരോപണത്തിന് ആക്രമണവുമായി യാതൊരു ബന്ധവുമില്ലെന്ന് വസീരാഗഞ്ച് സബ് ഡിവിഷണൽ പോലീസ് ഓഫീസർ സുനിൽ കുമാർ പാണ്ഡെ പറഞ്ഞു. ഭൂമി തർക്കമാണ് ആക്രമണത്തിന് കാരണമെന്നും ഡോക്ടർ ആശുപത്രിയിൽ ചികിത്സയിലാണെന്നും സുഖം പ്രാപിച്ചുവരികയാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജിതേന്ദ്രയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ, പേരുള്ള 10 പേർക്കെതിരെ കൊലപാതക ശ്രമത്തിന് കേസെടുത്തിട്ടുണ്ട്, പ്രതികളെ പിടികൂടാനുള്ള ശ്രമങ്ങൾ നടന്നുവരികയാണ്, മൂന്ന് പേരെ അറസ്റ്റ് ചെയ്തു .

അതേസമയം ആക്രമണത്തിന്റെ വീഡിയോ പുറത്തുവന്നത് ബിഹാറിൽ രാഷ്ട്രീയ വിവാദത്തിന് തിരികൊളുത്തിയിട്ടുണ്ട്. താലിബാനെക്കാൾ മോശമാണ് ബിഹാറിലെ സ്ഥിതി. ഗയ ജില്ലയിൽ, ബലാത്സംഗത്തിനിരയായ ഒരു പെൺകുട്ടിയുടെ അമ്മയെ ചികിത്സിക്കാൻ പോയ ഒരു ഡോക്ടറെ മരത്തിൽ കെട്ടിയിട്ട് രക്തത്തിൽ കുളിക്കുന്നത് വരെ മർദ്ദിച്ചു. ബിഹാർ പ്രതിപക്ഷ നേതാവ് തേജസ്വി യാദവ് പറഞ്ഞു.

എൻഡിഎ സർക്കാർ കുറ്റകൃത്യങ്ങൾ തടയുന്നതിലും കുറ്റവാളികളെ അറസ്റ്റ് ചെയ്യുന്നതിലും നീതി നടപ്പാക്കുന്നതിലും പൂർണമായും പരാജയപ്പെട്ടു.

ബിഹാർ അരാജകത്വത്തിലാണ്. മുഖ്യമന്ത്രി അബോധാവസ്ഥയിലാണ്, സർക്കാർ മദ്യപിച്ചിരിക്കുന്നു, ഉദ്യോഗസ്ഥരും മന്ത്രിമാരും ഖജനാവ് കൊള്ളയടിക്കുന്ന തിരക്കിലാണ്, ഭരണം തകർന്നു തേജസ്വി കൂട്ടിച്ചേർത്തു.

# പുടിൻ തിരിച്ചടിക്കും, ട്രംപിന്റെ സൂചന, യുക്രൈനിലെ അമേരിക്കൻ പൗരൻമാർക്ക് ജാഗ്രതാ നിർദേശം

റഷ്യ യുക്രെയ്ൻ സംഘർഷം അവസാനിക്കുമെന്ന് തോന്നിയ സാഹചര്യത്തിലാണ് റഷ്യൻ വ്യോമതാവളങ്ങൾക്ക് നേരെ യുക്രെയ്ൻ കനത്ത ആക്രമണവുമായെത്തിയത്.

ഇപ്പോഴിതാ, യുക്രെയ്നെതിരെ ശക്തമായി പ്രതികരിക്കാൻ ഒരുങ്ങുകയാണ് റഷ്യ. റഷ്യൻ പ്രസിഡന്റ് വ്ലാദിമിർ പുടിനുമായി ഫോണിൽ സംസാരിച്ച അമേരിക്കൻ പ്രസിഡന്റ് ഡോണൾഡ് ട്രംപാണ് ഇക്കാര്യം വ്യക്തമാക്കിയിരിക്കുന്നത്. ഒന്നര മണിക്കൂറാണ് ഇരു നേതാക്കളും ഫോണിൽ സംസാരിച്ചത്. റഷ്യക്ക് നേരെയുണ്ടായ ആക്രമണങ്ങൾ, ഇരു രാജ്യങ്ങളും തമ്മിലുള്ള സംഘർഷം എന്നിവയായിരുന്നു ചർച്ചാവിഷയം. ഈ ചർച്ചയിലാണ് പുടിൻ ട്രംപിനോട് യുക്രെയ്ന്റെ ആക്രമണത്തിന് ശക്തമായ തിരിച്ചടി നൽകുമെന്ന് പ്രഖ്യാപിച്ചതെന്നാണ് റിപ്പോർട്ടുകൾ.അതുമാത്രമല്ല, യുക്രെയ്നിലുള്ള യുഎസ് എംബസി ജീവനക്കാരോട് സുരക്ഷിതരായിരിക്കാൻ മുന്നറിയിപ്പും നൽകിയിരിക്കുകയാണ് അമേരിക്ക. പുടിൻ തിരിച്ചടി നൽകുമെന്ന സൂചന നൽകിയ സാഹചര്യത്തിലാണ് ട്രംപിന്റെ മുന്നറിയിപ്പ് വന്നത്. യുക്രെയ്നിലുള്ള അമേരിക്കക്കാരോട് മുൻകൂട്ടി ഷെൽട്ടറുകൾ കണ്ടെത്തണമെന്നും വെള്ളം, ഭക്ഷണം, മരുന്നുകൾ എന്നിവ കരുതി വെക്കണമെന്നും യു.എസ് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് അറിയിച്ചിട്ടുണ്ട്. കാരണം റഷ്യ ഒരു തിരിച്ചടി നടത്തിയാൽ അത് എത്രത്തോളം വലുതായിരിക്കുമെന്ന് ട്രംപിന് നന്നായി അറിയാം. അങ്ങനെ ഒരു അടി കിട്ടിയാൽ അത് സെലൻസ്കി ചോദിച്ച് വാങ്ങിയതായത് കൊണ്ട് തന്നെ രക്ഷകരായി പുടിനെ വെറുപ്പിച്ച് കൊണ്ട് ഇത്തവണ അമേരിക്ക എത്തുമെന്നും സെലെൻസ്കി കരുതണ്ട.

രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകം കണ്ട ഏറ്റവും ദൈർഘ്യമേറിയ യുദ്ധമാണ് റഷ്യയുക്രെയ്ൻ രാജ്യങ്ങൾ തമ്മിലുള്ള സംഘർഷം. മൂന്ന് വർഷത്തിലേറെയായി തുടരുന്ന യുദ്ധത്തിന് ഇനിയും അവസാനമായില്ല. ഇരുഭാഗത്തു നിന്നും ഇപ്പോഴും വലിയതോതിൽ ആൾനഷ്ടവും ധനഷ്ടവും ഉണ്ടായിക്കൊണ്ടിരിക്കുന്നു. ജോ ബൈഡന്റെ ഭരണകാലത്ത് അമേരിക്കയും യൂറോപ്പും യുക്രെയ്ന് യുദ്ധത്തിന് വേണ്ട സൈനികധനസഹായങ്ങളും നൽകി വന്നതല്ലാതെ യുദ്ധം അവസാനിപ്പിക്കാൻ യാതൊരു നടപടിയും കൈക്കൊണ്ടിരുന്നില്ല.എന്നാൽ അമേരിക്കൻ പ്രസിഡന്റ് സ്ഥാനത്തേയ്ക്ക് ഡോണൾഡ് ട്രംപ് വന്നതോടെ കാര്യങ്ങൾ മാറി. പ്രസിഡന്റായി സ്ഥാനമേറ്റെടുത്ത ഉടൻ ലോകത്ത് നടക്കുന്ന യുദ്ധങ്ങൾ ഇല്ലാതാക്കുമെന്ന് അദ്ദേഹം പ്രതിജ്ഞയെടുത്തു. റഷ്യയുക്രെയ്ൻ യുദ്ധം ഏതാനും നാളുകൾക്കുള്ളിൽ അവസാനിപ്പിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു. തുടർന്ന് അമേരിക്കയുടെ മധ്യസ്ഥതയിൽ സമാധാന ചർച്ചകൾ ആരംഭിച്ചു. അമേരിക്കൻറഷ്യൻയുക്രെയ്ൻ പ്രതിനിധികൾ തമ്മിലുള്ള സമാധാന ചർച്ച രണ്ട് റൗണ്ട് പൂർത്തിയായിട്ടും യുദ്ധം അവസാനിപ്പിക്കുന്നതിലേയ്ക്കുള്ള ഉടമ്പടികളിലേയ്ക്ക് കടക്കാനായിട്ടില്ല.റഷ്യ ഒരു വിധത്തിൽ അയഞ്ഞ് തുടങ്ങി സംഘർഷം അവസാനിപ്പിക്കാൻ വ്ലാഡിമിർ പുടിൻ സമ്മതം മൂളി നിൽക്കുന്നതിനിടയിലാണ് തങ്ങളുടെ ചില ആവശ്യങ്ങളിൽ നിന്ന് പിന്നോട്ടില്ലെന്ന് ഇപ്പോൾ വ്ലാഡിമിർ സെലെൻസ്കി വ്യക്തമാക്കിയിരിക്കുന്നത്. മാത്രമല്ല, രണ്ടാം റൗണ്ട് സാധാന ചർച്ച തുർക്കിയിൽ നടക്കുന്നതിന്റെ ഒരു ദിവസം മുമ്പാണ് യുക്രെയ്ൻ റഷ്യയ്ക്കെതിരെ ശക്തമായ ഡ്രോൺ ആക്രമണങ്ങൾ നടത്തിയത്. അതിനാൽ തന്നെ യുദ്ധം നീട്ടി കൊണ്ടുപോകാനാണ് സെലെൻസ്കിയുടെ ഉദ്ദേശ്യമെന്നാണ് പുറത്തുവരുന്ന റിപ്പോർട്ടുകൾ പറയുന്നത്.മാത്രമല്ല, റഷ്യയുടെ ഏറ്റവും പുതിയ സമാധാന നിർദ്ദേശം ഗൗരവമായി പരിഗണിക്കാൻ സെലെൻസ്കി വിസമ്മതിച്ചുവന്നും, അത് അസ്വീകാര്യമായ കാര്യമാണെന്ന് പറഞ്ഞ് പുടിന്റെ നിർദ്ദേശങ്ങൾ തള്ളിക്കളഞ്ഞുവെന്നുമാണ് അന്താരാഷ്ട്ര മാധ്യമങ്ങളുടെ റിപ്പോർട്ട്.



ഒരു മാസത്തിനിടെ തുർക്കിയിലെ ഇസ്താംബൂളിൽ ജൂൺ രണ്ടിന് നടന്ന രണ്ടാമത്തെ യോഗത്തിൽ റഷ്യൻ, യുക്രെയ്ൻ പ്രതിനിധികൾ സമാധാനത്തിനായുള്ള തങ്ങളുടെ നിർദ്ദേശങ്ങൾ കൈമാറി. പൊതു റഫറണ്ടത്തിൽ റഷ്യയിൽ ചേർന്ന അഞ്ച് മുൻ പ്രദേശങ്ങളുടെ നഷ്ടം യുക്രെയ്ൻ അംഗീകരിക്കണമെന്നും, ആ പ്രദേശത്ത് നിന്ന് സൈന്യത്തെ പിൻവലിക്കണമെന്നും, നിഷ്പക്ഷത പാലിക്കണമെന്നും, സ്വന്തം സൈനിക ശേഷി പരിമിതപ്പെടുത്തണമെന്നും റഷ്യ നിർദ്ദേശിച്ചു. യുക്രെയ്ൻ സൈന്യത്തെ വിന്യസിക്കുന്നത് നിർത്തുക, ധനസമാഹരണം നിർത്തിവയ്ക്കുക, വിദേശ ആയുധ കയറ്റുമതി നിർത്തുക, പ്രസിഡന്റ് തിരഞ്ഞെടുപ്പ് നടത്തുക എന്നിവ ഉൾപ്പെടുന്ന ഒരു വെടിനിർത്തൽ പാക്കേജ് നിർദ്ദേശമാണ് റഷ്യ മുന്നോട്ടുവച്ചത്. എന്നാൽ ഈ നിർദ്ദേശങ്ങളെല്ലാം സെലെൻസ്കി തള്ളിക്കളയുകയാണുണ്ടായത്.റഷ്യയ്ക്ക് നൽകുന്ന ഏതെങ്കിലും പ്രാദേശിക ഇളവുകൾ യുക്രെയ്നിന്റെ ഭരണഘടനയ്ക്ക് വിരുദ്ധമാകുമെന്നാണ് സെലെൻസ്കിയുടെ വാദം. എന്നാൽ, ഇസ്താംബുൾ ചർച്ചകളിൽ റഷ്യയുടെ മുഖ്യപ്രതിനിധിയായിരുന്ന വ്ളാഡിമിർ മെഡിൻസ്കി മെമ്മോറാണ്ടത്തെ ന്യായീകരിച്ചു, സംഘർഷം അവസാനിപ്പിക്കാനുള്ള ഒരു അവസരമായി ഇതിനെ വിശേഷിപ്പിച്ചു. 'ഇതൊരു അന്ത്യശാസനമല്ല. യഥാർത്ഥ സമാധാനം കൈവരിക്കാൻ അനുവദിക്കുന്ന ഒരു നിർദ്ദേശമാണിതെന്ന് അദ്ദേഹം ചൂണ്ടിക്കാണിച്ചു. ദീർഘകാല സമാധാനം കൈവരിക്കുന്നതിനുള്ള ഒരു വലിയ ചുവടുവയ്പ്പായി ഈ നിർദ്ദേശങ്ങൾ മാറുമെന്നും അദ്ദേഹം പറഞ്ഞു.

## രണ്ടാം ലോകമഹായുദ്ധകാലത്തെ ബോംബുകൾ കണ്ടെത്തി; കൊളോണിൽ ജനങ്ങളെ ഒഴിപ്പിച്ചു

കൊളോൺ: രണ്ടാം ലോകമഹായുദ്ധകാലത്തെ മൂന്നു ബോംബുകൾ കണ്ടെത്തിയതിനെത്തുടർന്ന് ജർമൻ നഗരമായ കൊളോണിൽ പരിഭ്രാന്തി.
സെൻട്രൽ കൊളോണിലെ ഡെയുറ്റ്സിലെ തുറമുഖ പരിസരത്താണ് തിങ്കളാഴ്ച അമേരിക്കൻ നിർമിതവും 20 ടൺ ഭാരമുള്ള രണ്ട് ബോംബുകളും പത്തു ടൺ ഭാരമുള്ള മറ്റൊരു ബോംബും കണ്ടെത്തിയത്. ഇതെത്തുടർന്ന് പ്രദേശം അപായമേഖലയായി പ്രഖ്യാപിച്ച് സീൽ ചെയ്തു.

പ്രദേശത്തെ ഒരു ആശുപത്രി, രണ്ട് റിട്ടയർമെൻറ് സെൻററുകൾ, റെയിൽവേ സ്റ്റേഷൻ, സ്കൂളുകൾ, പള്ളികൾ, മ്യൂസിയങ്ങൾ, രണ്ട് സാംസ്കാരികകേന്ദ്രങ്ങൾ എന്നിവ ഒഴിപ്പിക്കുകയും ചെയ്തു. പ്രദേശത്തുനിന്ന് എല്ലാവരെയും ഒഴിപ്പിച്ചശേഷം ബോംബുകൾ നിർവീര്യമാക്കുന്ന നടപടി ആരംഭിക്കുമെന്ന് അധികൃതർ അറിയിച്ചു.

രണ്ടാം ലോകമഹായുദ്ധസമയത്ത് സഖ്യകക്ഷികളുടെ ബോംബാക്രമണത്തിൽ തകർന്ന കൊളോൺ, ബർലിൻ പോലുള്ള ജർമൻ നഗരങ്ങളിൽ പൊട്ടിത്തെറിക്കാത്ത ബോംബുകൾ കണ്ടെത്തുന്നത് പതിവാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് സഖ്യകക്ഷി രാജ്യങ്ങൾ കൊളോൺ നഗരത്തിനുനേരെ 262 തവണയാണ് ബോംബാക്രമണം നടത്തിയത്.

20,000 പേർ കൊല്ലപ്പെടുകയും നഗരം നാമാവശേഷമാകുകയും ചെയ്തു. പഴയ നഗരത്തിലെ ഏതാണ്ട് എല്ലാ കെട്ടിടങ്ങളും 150 പള്ളികളിൽ 91 എണ്ണവും നശിപ്പിക്കപ്പെട്ടു. പൊട്ടാത്ത ബോംബുകൾ കണ്ടെത്തുന്നതിനാൽ ഇടയ്ക്കിടയ്ക്ക് ആളുകളെ ഒഴിപ്പിക്കാറുണ്ട്. കഴിഞ്ഞ ഒക്ടോബറിൽ അമേരിക്കൻ ബോംബ് കണ്ടെത്തിയപ്പോൾ ഏകദേശം 10,000 താമസക്കാരെ ഒഴിപ്പിച്ചു. ഡിസംബറിൽ മറ്റൊരു ബോംബ് കണ്ടെത്തിയപ്പോൾ 3,000 പേരെയും ഒഴിപ്പിച്ചിരുന്നു.

## ഏറ്റവും വെറുക്കപ്പെട്ട രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് ചൈന; തൊട്ടുപിന്നിൽ അമേരിക്ക

ന്യൂദൽഹി : ലോകത്തിലെ ഏറ്റവും വെറുക്കപ്പെട്ട രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്ത് ചൈന . വേൾഡ് പോപ്പുലേഷൻ റിവ്യൂ ഗവേഷണത്തെ അടിസ്ഥാനമാക്കി ന്യൂസ് വീക്കാണ് റിപ്പോർട്ട് പുറത്ത് വിട്ടിരിക്കുന്നത്
ഏറ്റവും വെറുക്കപ്പെട്ട ആദ്യ രാജ്യം ചൈനയും തൊട്ടുപിന്നിൽ അമേരിക്കയുമാണ്. ലോകമെമ്പാടുമുള്ള റിപ്പോർട്ടുകളും പൊതുജനാഭിപ്രായ സർവേകളും സംയോജിപ്പിച്ചാണ് ഈ റാങ്കിംഗ് നിർണ്ണയിക്കുന്നത്. വേൾഡ് പോപ്പുലേഷൻ റിവ്യൂവിന്റെ ഗവേഷണ പ്രകാരം, ആഗോള വ്യാപാര യുദ്ധത്തിൽ കുടുങ്ങിക്കിടക്കുന്ന അമേരിക്ക, ഏറ്റവും വെറുക്കപ്പെട്ട രാജ്യങ്ങളുടെ പട്ടികയിൽ രണ്ടാം സ്ഥാനത്താണ്. നിലവിൽ ഉക്രെയ്നുമായി സംഘർഷത്തിൽ ഏർപ്പെട്ടിരിക്കുന്ന റഷ്യ, ഏറ്റവും വെറുക്കപ്പെട്ട രാജ്യങ്ങളുടെ പട്ടികയിൽ മൂന്നാം സ്ഥാനത്താണ്.

ഉത്തരകൊറിയ നാലാം സ്ഥാനത്തും ഇസ്രായേൽ അഞ്ചാം സ്ഥാനത്തും ആണ്. ആഗോളതലത്തിൽ ഏറ്റവും വെറുക്കപ്പെട്ട രാജ്യങ്ങളുടെ പട്ടികയിൽ പാകിസ്ഥാൻ ആറാം സ്ഥാനത്തും ഇറാൻ ഏഴാം സ്ഥാനത്തുമാണ്. പട്ടികയിൽ ഇറാഖ് എട്ടാം സ്ഥാനത്തും സിറിയ ഒമ്പതാം സ്ഥാനത്തുമാണ് ഉള്ളത്.

## തെക്കൻ ഗാസയിൽ ബന്ദികളാക്കപ്പെട്ട രണ്ട് പേരുടെ മൃതദേഹങ്ങൾ ഇസ്രായേൽ സൈന്യം കണ്ടെടുത്തു

2023 ഒക്ടോബർ 7 ന് തെക്കൻ ഇസ്രായേലിൽ ഹമാസ് നടത്തിയ ആക്രമണത്തിനിടെ ഗാസയിലേക്ക് ബന്ദികളാക്കി കൊണ്ടുപോയ രണ്ട് ഇസ്രായേലി അമേരിക്കക്കാരുടെ മൃതദേഹങ്ങൾ ഇസ്രായേൽ സൈന്യം കണ്ടെടുത്തതായി ഇസ്രായേൽ സൈന്യം അറിയിച്ചു.ഗാസയിലെ തെക്കൻ ഖാൻ യൂനിസ് പ്രദേശത്ത് രാത്രിയിൽ ഇവരുടെ മൃതദേഹങ്ങൾ കണ്ടെത്തി ഫോറൻസിക് പരിശോദനനടത്തി.ഗാസയിൽ ഹമാസ് ഇപ്പോഴും 56 പേരെ ബന്ദികളാക്കിയിട്ടുണ്ട്, അവരിൽ കുറഞ്ഞത് 20 പേരെങ്കിലും ജീവിച്ചിരിപ്പുണ്ടെന്ന് കരുതപ്പെടുന്നു.ഇരുപേരുടെയും മരണത്തിൽ ഇസ്രായേൽ പ്രധാനമന്ത്രി അനുശോചനം രേഖപ്പെടുത്തി.




ഏകദേശം 20 മാസം മുമ്പ് നടന്ന അതിർത്തി കടന്നുള്ള ആക്രമണത്തിന് മറുപടിയായി ഇസ്രായേൽ ഗാസയിലേക്ക് ആക്രമണം നടത്തുകയും, അതിൽ ഏകദേശം 1,200 പേർ കൊല്ലപ്പെടുകയും 251 പേരെ ബന്ദികളാക്കുകയും ചെയ്തു.അതിനുശേഷം ഗാസയിൽ കുറഞ്ഞത് 54,607 പേർ കൊല്ലപ്പെട്ടതായി പ്രദേശത്തെ ഹമാസ് നിയന്ത്രിക്കുന്ന ആരോഗ്യ മന്ത്രാലയം അറിയിച്ചു.

## വീണ്ടും യാത്രാ നിരോധനവുമായി ട്രംപ്

# 12 രാജ്യങ്ങളിൽ നിന്നുള്ളവർക്ക് വിലക്ക്, പട്ടികയിൽ അഫ്ഗാനും

ന്യൂയോർക്ക്: വീണ്ടും യാത്രാവിലക്കുമായി ഡൊണാൾഡ് ട്രംപ്. ദേശീയ സുരക്ഷയുമായി ബന്ധപ്പെട്ട ആശങ്കകൾ ചൂണ്ടിക്കാട്ടിയാണ് ചില രാജ്യങ്ങളിൽ നിന്നുള്ള യാത്ര നിരോധിക്കുന്നതായി ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചത്. അഫ്ഗാനിസ്ഥാൻ, മ്യാൻമർ, ചാഡ്, റിപ്പബ്ലിക് ഓഫ് കോംഗോ, ഇക്വറ്റോറിയൽ ഗിനിയ, എറിത്രിയ, ഹെയ്ത്തി, ഇറാൻ, ലിബിയ, സൊമാലിയ, സുഡാൻ, യെമൻ എന്നീ 12 രാജ്യങ്ങളിൽ നിന്നുള്ള പൗരന്മാരുടെ പ്രവേശനമാണ് വിലക്കിയത്.



ഇവരുടെ പ്രവേശനം പൂർണമായും നിയന്ത്രിക്കുകയും പരിമിതപ്പെടുത്തുകയും ചെയ്യുന്നു. വൈറ്റ് ഹൗസ് പുറത്തുവിട്ട പ്രസ്താവന പ്രകാരം, സമ്പൂർണ നിരോധനം നേരിടുന്ന രാജ്യങ്ങൾ സ്ക്രീനിംഗിലും സൂക്ഷ്മപരിശോധനയിലും പോരായ്മയുള്ളവരാണെന്നും യുഎസിന് വളരെ ഉയർന്ന അപകടസാധ്യത സൃഷ്ടിക്കുമെന്നും കണ്ടെത്തിയിട്ടുണ്ട്. അധികാരത്തിൽ എത്തിയ ശേഷം ഇത് രണ്ടാം തവണയാണ് ട്രംപ് വിവിധ രാജ്യങ്ങൾക്ക് യാത്രാ വിലക്ക് ഏർപ്പെടുത്തുന്നത്.

തിങ്കളാഴ്ച പുലർച്ചെ 12:01 മുതൽ പ്രാബല്യത്തിൽ വരുന്ന നിരോധനത്തിന് പുറമേ കൂടുതൽ രാജ്യങ്ങൾക്ക് ഇത്തരത്തിൽ നിയന്ത്രണം നേരിടേണ്ടി വരും. ബുറുണ്ടി, ക്യൂബ, ലാവോസ്, സിയറ ലിയോൺ, ടോഗോ, തുർക്ക്മെനിസ്ഥാൻ, വെനിസ്വേല എന്നിവിടങ്ങളിൽ നിന്നുള്ള പൗരന്മാർക്ക് ഭാഗിക പ്രവേശന നിയന്ത്രണങ്ങൾ ഉണ്ടായിരിക്കുകയും ചെയ്യുമെന്നാണ് അറിയിച്ചത്. ഉയർന്ന വിസ ഓവർസ്റ്റേ നിരക്കുകളോ യുഎസ് നിയമ നിർവ്വഹണ ഏജൻസികളുമായുള്ള സഹകരണത്തിലെ അപര്യാപ്തതകളോ കാരണം, ബി1, ബി2, എഫ്, എം, ജെ വിഭാഗങ്ങൾ പോലുള്ള കുടിയേറ്റ, കുടിയേറ്റേതര വിസകളിലെ പരിമിതികൾ കൂടി ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട് എന്നതാണ് മറ്റൊരു പ്രധാന കാര്യം. നേരത്തെ തന്നെ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ട്രംപ് ശ്രമം തുടങ്ങിയെന്ന് റിപ്പോർട്ടുകൾ ഉണ്ടായിരുന്നു. 'സുരക്ഷിതമായും വിശ്വസനീയമായും പരിശോധനയും നിരീക്ഷണവും നടത്താൻ കഴിയാത്ത ഒരു രാജ്യത്തുനിന്നും തുറന്ന കുടിയേറ്റം നമുക്ക് അനുവദിക്കാനാവില്ല... അതുകൊണ്ടാണ് ഇന്ന് ഞാൻ യെമൻ, സൊമാലിയ, ഹെയ്ത്തി, ലിബിയ, തുടങ്ങി നിരവധി രാജ്യങ്ങളിൽ യാത്രാ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന ഒരു പുതിയ എക്സിക്യൂട്ടീവ് ഉത്തരവിൽ ഒപ്പുവയ്ക്കുന്നത്' ട്രംപ് പറഞ്ഞു.

അമേരിക്കയിലേക്കുള്ള പ്രവേശന വിലക്ക് പുനഃസ്ഥാപിക്കുകയാണ്, ചിലർ ഇതിനെ ട്രംപ് യാത്രാ നിരോധനം എന്ന് വിളിക്കുന്നു, എന്നാൽ സുപ്രീം കോടതി ശരിവച്ച തീവ്ര ഇസ്ലാമിക ഭീകരരെ നമ്മുടെ രാജ്യത്തിന് പുറത്തുനിർത്തും' എന്നാണ് ട്രംപ് പറയുന്നത്. യാത്രാ നിരോധനം യുഎസ് സുപ്രീം കോടതിയും നേരത്തെ ശരിവച്ചിരുന്നു. 'നമ്മുടെ രാജ്യത്തേക്ക് വന്ന് നമ്മെ ഉപദ്രവിക്കാൻ ആഗ്രഹിക്കുന്ന അപകടകാരികളായ വിദേശ ശക്തികളിൽ നിന്ന് അമേരിക്കക്കാരെ സംരക്ഷിക്കുമെന്ന തന്റെ വാഗ്ദാനം പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് നിറവേറ്റുകയാണ്' എന്നായിരുന്നു വൈറ്റ് ഹൗസ് വക്താവ് അബിഗെയ്ൽ ജാക്സൺ തന്റെ എക്സ് പോസ്റ്റിലൂടെ വ്യക്തമാക്കിയത്.

നേരത്തെ ആദ്യം പ്രസിഡന്റായി സ്ഥാനമേറ്റ സമയത്ത് ട്രംപ് ഏഴ് മുസ്ലീം ഭൂരിപക്ഷ രാജ്യങ്ങളിൽ നിന്നുള്ള യാത്രക്കാർക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. എന്നാൽ അദ്ദേഹത്തിന്റെ പിൻഗാമിയായ ഡെമോക്രാറ്റിക് പാർട്ടിയിൽ നിന്നുള്ള പ്രസിഡന്റ് ജോ ബൈഡൻ 2021ൽ ഈ നിയന്ത്രണങ്ങൾ നിർത്തലാക്കിയിരുന്നു. നമ്മുടെ ദേശീയ മനസാക്ഷിയിൽ ഏൽക്കുന്ന കളങ്കം എന്നാണ് ജോ ബൈഡൻ ഇതിനെ വിശേഷിപ്പിച്ചത്. ആഗോള തലത്തിൽ തീവ്രവാദ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ സൂചിപ്പിക്കുന്ന എസ്ഡിജിടി ഗ്രൂപ്പിന് കീഴിൽ വരുന്ന താലിബാന്റെ നിയന്ത്രണത്തിലുള്ള അഫ്ഗാനിസ്ഥാന് പാസ്പോർട്ട് വിതരണമോ സിവിൽ ഡോക്യുമെന്റേഷനോ കൈകാര്യം ചെയ്യാൻ ഫലപ്രദമായ കേന്ദ്ര അധികാരമില്ലെന്ന് യുഎസ് ആരോപിക്കുന്നു. രാജ്യത്ത് ശരിയായ പരിശോധനാ പ്രോട്ടോക്കോളുകളും നിലവിലില്ലെന്നുമാണ് യുഎസ് വ്യക്തമാക്കുന്നത്.

## ഗാസ ഇനിയും കത്തും; വെടിനിർത്തൽ പ്രമേയം തള്ളി അമേരിക്ക

ഗാസയിൽ ഇസ്രയേലിന്റെ ആക്രമണങ്ങൾക്ക് അമേരിക്ക ഇപ്പോഴും മൗനാനുവാദം നൽകുന്നുണ്ടെന്ന് തെളിവ്. ഗാസയിൽ ഉടനടി, നിരുപാധികവും സ്ഥിരവുമായ വെടിനിർത്തൽ പ്രഖ്യാപിക്കണമെന്നും പൂർണ്ണ മാനുഷിക സഹായം തേടണമെന്നും ആവശ്യപ്പെട്ടുള്ള യുഎൻ സുരക്ഷാ കൗൺസിൽ പ്രമേയം അമേരിക്ക വീറ്റോ ചെയ്തു.

സംഘർഷം അവസാനിപ്പിക്കാനുള്ള നയതന്ത്ര ശ്രമങ്ങളെ ഇത് ദുർബലപ്പെടുത്തുമെന്ന് വാദിച്ചാണ് അമേരിക്ക പ്രമേയം തള്ളിയതെന്നാണ് റിപ്പോർട്ട്. അതേസമയം, കൗൺസിലിലെ മറ്റ് 14 രാജ്യങ്ങളും പ്രമേയത്തെ അനുകൂലിച്ച് വോട്ട് ചെയ്തു. ഹമാസിനെ ധൈര്യപ്പെടുത്തുന്ന ഒരു വെടിനിർത്തൽ കൈവരിക്കാനുള്ള നയതന്ത്ര ശ്രമങ്ങളെ ഈ പ്രമേയം ദുർബലപ്പെടുത്തുമെന്നാണ് അമേരിക്കയുടെ വാദം.ഗാസയിലെ സ്ഥിതിഗതികളെ 'ദുരന്തം' എന്ന് വിശേഷിപ്പിച്ച പ്രമേയം, ഗാസയിലേയ്ക്കുള്ള സഹായം അനുവദിക്കുന്നതിനായുള്ള എല്ലാ നിയന്ത്രണങ്ങളും ഉടനടി പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടു. വെടിനിർത്തൽ കരാറിനുള്ള ഹമാസിന്റെ ആവശ്യത്തെ അമേരിക്ക വിമർശിക്കുകയും ചെയ്തു. ഇസ്രയേലിനെ സംരക്ഷിക്കുന്നതിനായി സുരക്ഷാ കൗൺസിലിന്റെ വെടിനിർത്തൽ പ്രമേയം അമേരിക്ക ഇത് അഞ്ചാം തവണയാണ് തടയുന്നത്. നവംബറിൽ, ഹമാസ് കൈവശം വച്ചിരിക്കുന്ന എല്ലാ ബന്ദികളെയും ഉടനടി നിരുപാധികമായി മോചിപ്പിക്കുന്നതുമായി വെടിനിർത്തലിനെ നേരിട്ട് ബന്ധിപ്പിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന് വാദിച്ചുകൊണ്ട് ബൈഡൻ ഭരണകൂടം സമാനമായ ഒരു നിർദ്ദേശം വീറ്റോ ചെയ്തിരുന്നു.

# സുപ്രീംകോടതി ജഡ്ജിയാണെന്ന് തെറ്റിദ്ധരിക്കേണ്ട; വേണുഗോപാൽ ദേശീയ പാത 66ന്റെ കാലൻ: റിയാസ്

തിരുവനന്തപുരം: മലപ്പുറം കൂരിയാട് ദേശീയപാത നിർമ്മാണത്തിലെ വീഴ്ചയിൽ സംസ്ഥാന സർക്കാർ പ്രത്യേക അന്വേഷണം ആവശ്യപ്പെട്ടില്ലെന്ന് പൊതുമരാമത്ത് മന്ത്രി മുഹമ്മദ് റിയാസ്. കരാറിൽ അഴിമതിയുണ്ടോയെന്ന് പരിശോധിക്കേണ്ടത് കേന്ദ്രമാണ്. കെ സി വേണുഗോപാൽ ദേശീയ പാത 66ന്റെ കാലനാണെന്നും റിയാസ് ഏഷ്യാനെറ്റ് ന്യൂസിനോട് പറഞ്ഞു. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചെയർമാൻ സുപ്രീംകോടതി ജഡ്ജിയാണെന്ന് തെറ്റിദ്ധരിക്കേണ്ടെന്നും മന്ത്രി പറഞ്ഞു.

ദേശീയപാത വികസനത്തിന്റെ കാലനാകാനുള്ള ചിലരുടെ ശ്രമം ജനങ്ങളോടുള്ള വെല്ലുവിളിയാണ്. ജനാധിപത്യ സംവിധാനത്തിൽ പ്രവർത്തിക്കുന്ന പാർലമെൻറിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയോട് എല്ലാത്തരത്തിലുമുള്ള ആദരവും ബഹുമാനവുമുണ്ട്. അതിന്റെ ചെയർമാൻ എന്ന പദവിക്ക് അതിൻറേതായ മൂല്യവുമുണ്ട്. പക്ഷേ, ആ സ്ഥാനത്തിരിക്കുന്ന ഒരാൾ ആ സ്ഥാനം ഉപയോഗിച്ച് രാഷ്ട്രീയ ദുഷ്ടലാക്കോടെ സംസാരിച്ചാൽ അത് കേട്ടുനിൽക്കാനാകില്ല.

കാലങ്ങളായി മുടങ്ങിക്കിടന്ന മലയാളിയുടെ സ്വപ്നപദ്ധതിയായ ദേശീയപാതയുടെ(ചഒ66) വികസനം സാധ്യമാക്കിയത് എൽഡിഎഫ് സർക്കാരാണ്. സംസ്ഥാന ഭരണത്തിലുള്ളപ്പോൾ കെടുകാര്യസ്ഥയുടെ പര്യായമായി ദേശീയപാതയുടെ വികസനം ഇല്ലാതാക്കിയ കോൺഗ്രസിന് ഇപ്പോൾ മുറുമുറുപ്പുണ്ടാകുന്നതിന്റെ കാരണം എല്ലാവരും മനസിലാക്കുന്നുണ്ട്.



പാതയുടെ നിർമാണത്തിലെ പിഴവുകളും അപാകതകളും പരിശോധിച്ചും പരിഹരിച്ചും മുന്നോട്ടു പോകാനുള്ള ഉത്തരവാദിത്തം നിർമാണ ചുമതലയുള്ള ദേശീയ പാത അതോറിറ്റിക്കുണ്ടെന്നും റിയാസ് പറഞ്ഞു. ഇന്നലെ കേന്ദ്ര മന്ത്രിയും മുഖ്യമന്ത്രിമായുള്ള ചർച്ചയിൽ ഈ വിഷയം ഒരു അജണ്ടയുമായിരുന്നു. തെറ്റായ പ്രവണതകൾ ഉണ്ടെങ്കിൽ കർക്കശ നിലപാട് സ്വീകരിക്കണം. പാർലമെൻറിലെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിക്കും ഈ വിഷയത്തിൽ നിലപാട് സ്വീകരിക്കുവാനുള്ള അവകാശമുണ്ട്. അതുപോലെ തന്നെ വികസനം മുടക്കാൻ രാഷ്ട്രീയദുഷ്ടലാക്കോടു കൂടിയുള്ള ഇടപെടൽ കമ്മിറ്റി ചെയർമാൻ നടത്തുന്നത് തുറന്നു കാണിക്കവാനുള്ള അവകാശം ഏതൊരു പൗരനുമുണ്ട്. ദേശീയപാത വികസനത്തിന്റെ കാലനായി അവതരിക്കാനാണ് കെ സി വേണുഗോപാൽ ശ്രമിക്കുന്നതെങ്കിൽ അത് ജനങ്ങളോടുള്ള വെല്ലുവിളിയാണെന്നും റിയാസ് കൂട്ടിച്ചേർത്തു

## ആര്യാടൻ ഷൗക്കത്തിനായി പ്രചാരണത്തിന് പ്രിയങ്കയും; 14 ന് നിലമ്പൂരിലെത്തും

നിലമ്പൂർ: നിലമ്പൂർ ഉപതെരഞ്ഞെടുപ്പിൽ യുഡിഎഫ് സ്ഥാനാർഥി ആര്യാടൻ ഷൗക്കത്തിനായി പ്രചാരണത്തിന് വയനാട് എംപി പ്രിയങ്ക ഗാന്ധി എത്തും. ജൂൺ 14 നാണ് പ്രിയങ്ക നിലമ്പൂരിലെത്തുക. പൊതു സമ്മേളനത്തിലും റോഡ് ഷോയിലും പങ്കെടുക്കും. വയനാട് ലോക്സഭാ മണ്ഡലത്തിന്റെ ഭാഗമാണ് നിലമ്പൂർ നിയമസഭാ മണ്ഡലം. ജൂൺ 19 നാണ് നിലമ്പൂരിൽ ഉപതെരഞ്ഞെടുപ്പ്. 23 ന് വോട്ടെണ്ണൽ. പി.വി. അൻവറിന്റെ രാജിയെ തുടർന്നാണ് ഉപതെരഞ്ഞെടുപ്പ് നടക്കുന്നത്.

## ട്രെയിനിൽ നിന്ന് പുഴയിലേക്ക് ചാടി; ചാലക്കുടിയിൽ അധ്യാപിക ജീവനൊടുക്കി

തൃശൂർ: ഓടിക്കൊണ്ടിരുന്ന ട്രെയിനിൽനിന്ന് ഹയർ സെക്കൻഡറി അധ്യാപിക പുഴയിലേയ്ക്കു ചാടി ജീവനൊടുക്കി. ചാലക്കുടി തിരുത്തിപ്പറമ്പ് ഉപ്പത്തിപ്പറമ്പിൽ പരേതനായ സുബ്രന്റെയും തങ്കയുടെയും മകളും പന്തളം സ്വദേശി കോഴിമല വടക്കേ ചെരുവിൽ ജയപ്രകാശിന്റെ ഭാര്യയുമായ സിന്ധോളാണു (സിന്ധു40) മരിച്ചത്.

നിലമ്പൂർ പാസഞ്ചർ ട്രെയിനിൽ നിന്നാണു യാത്രക്കാരി ഇന്നലെ 6.45ഓടെ പുഴയിലേയ്ക്കു ചാടിയത്.

അഗ്നിശമന സേനയുടെ സ്കൂബ ടീം നടത്തിയ തിരച്ചിലിൽ ഏകദേശം 3 മണിക്കൂറിനു ശേഷം രാത്രി 9.30ഓടെ ഇവിടെ നിന്ന് 5 കിലോമീറ്റർ അകലെ സമ്പാളൂർ ഞാളക്കടവ് പാലത്തിനു 300 മീറ്റർ മുൻപായാണു മൃതദേഹം കണ്ടെത്തിയത്. നിലമ്പൂരിൽ നിന്നു കോട്ടയത്തേയ്ക്കു പോകുകയായിരുന്നു ട്രെയിൻ.

റെയിൽവേ പാലം എത്തിയപ്പോൾ അധ്യാപിക പെട്ടെന്നു ട്രെയിനിന്റെ വാതിലിലൂടെ പുഴയിലേയ്ക്കു ചാടുകയായിരുന്നു. ചെറുതുരുത്തി ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ സോഷ്യോളജി അധ്യാപികയാണ്. 8 വർഷമായി ഗവ. സ്കൂൾ അധ്യാപികയായ ഇവർ വെറും 3 ദിവസം മുൻപാണു ചെറുതുരുത്തി സ്കൂളിൽ ജോലിയിൽ പ്രവേശിച്ചത്. നേരത്തെ കോഴിക്കോട് ഫറോക്ക് ഗവ. ഹയർ സെക്കൻഡറി സ്കൂളിലെ അധ്യാപികയായിരുന്നു. ചെറുതുരുത്തിയിൽ നിന്നു ജോലി കഴിഞ്ഞു മടങ്ങുമ്പോഴാണു പുഴയിലേയ്ക്കു ചാടിയത്. ഇവർക്കൊപ്പം ട്രെയിനിൽ ജോലി കഴിഞ്ഞു മടങ്ങുകയായിരുന്ന അതേ സ്കൂളിലെ അധ്യാപിക ചാലക്കുടി സ്റ്റേഷനിൽ ഇറങ്ങി. ഇവർക്കൊപ്പം ഇറങ്ങേണ്ടിയിരുന്ന അധ്യാപിക ഇറങ്ങിയില്ലെന്ന് അറിഞ്ഞു അന്വേഷിക്കുന്നതിനിടെയാണു യുവതി ട്രെയിനിൽ നിന്നു പുഴയിൽ ചാടുന്നതായി കണ്ടെന്നു സുധീന്ദ്രൻ, സഞ്ജയ് എന്നീ യുവാക്കൾ പൊലീസിൽ അറിയിക്കുന്നത്. കയ്യിൽ ബാഗ് ഉണ്ടായിരുന്നതായും ചാടുന്നതിനിടെ റെയിൽവേ പാലത്തിന്റെ കൈവരിയിൽ ഇടിച്ചതായും യുവാക്കൾ പൊലീസിനെ അറിയിച്ചു. അതോടെയാണു ചാടിയത് സിന്ധോളാണെന്നു വ്യക്തമായത്. ഡിവൈഎസ്പി പി.സി.ബിജുകുമാർ, എസ്ഐ ഋഷിപ്രസാദ് എന്നിവരുടെ നേതൃത്വത്തിൽ പൊലീസ് സ്ഥലത്തെത്തി. ആത്മഹത്യയ്ക്കുള്ള കാരണം വ്യക്തമല്ല. മൃതദേഹം താലൂക്ക് ആശുപത്രി മോർച്ചറിയിലേയ്ക്കു മാറ്റി സംസ്കാരം പിന്നീട്. മകൾ: തീർഥ (നാലാം ക്ലാസ് വിദ്യാർഥിനി.

## കേരള മോഡൽ വികസനം യഥാർത്ഥമല്ല, അത് ഇടത് വലത് സംയുക്ത നിർമ്മിതി': രാജീവ് ചന്ദ്രശേ




ഘോഷിക്കുന്നതു പോലൊരു കേരള മോഡൽ വികസനം യഥാർത്ഥത്തിൽ സംസ്ഥാനത്ത് സംഭവിച്ചിട്ടില്ലെന്ന് ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. പകരം ഇവിടെയുള്ളത് കോൺഗ്രസിന്റെയും സിപിഎമ്മിന്റെയും അഴിമതികളെയും സാമ്പത്തിക താല്പര്യങ്ങളെയും സംരക്ഷിക്കുന്ന മോഡൽ മാത്രമാണെന്ന് രാജീവ് ചന്ദ്രശേഖർ വിമർശിച്ചു. കൃഷിയോ കർഷകരോ ഒരു കാലത്തും അവരുടെ മുൻഗണനയിലുണ്ടായിട്ടില്ലെന്നും മറിച്ച് റിയൽ എസ്റ്റേറ്റിലും കരാറുകളിലുമൊക്കെയാണ് സിപിഎമ്മിനും കോൺഗ്രസിനും ഒരു പോലെ താല്പര്യമെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു. ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് പുഞ്ചക്കരിയിൽ നടന്ന പരിസ്ഥിതി ദിനാഘോഷത്തിൽ പങ്കെടുക്കാനെത്തിയതായിരുന്നു രാജീവ് ചന്ദ്രശേഖർ.

വരാനിരിക്കുന്ന തദ്ദേശ സ്വയംഭരണ തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും സംസ്ഥാനത്തിന്റെ സുസ്ഥിരവും സമഗ്രവുമായൊരു വികസന സങ്കല്പമാണ് ബിജെപി ജനങ്ങൾക്കു മുന്നിൽ വയ്ക്കുകയെന്നും രാജീവ് ചന്ദ്രശേഖർ സൂചിപ്പിച്ചു. കഴിഞ്ഞ പതിനൊന്ന് വർഷത്തിനിടെ നരേന്ദ്ര മോദി സർക്കാർ ഈ രാജ്യത്തെ കർഷകർക്കും മത്സ്യതൊഴിലാളികൾക്കും ചെറുകിട വ്യവസായത്തിനും വേണ്ടി കൈക്കൊണ്ട ക്ഷേമ പ്രവർത്തനങ്ങൾ കേരളത്തിലും നടപ്പാക്കാനാണ് ബിജെപി ലക്ഷ്യമിടുന്നതെന്നും അതായിരിക്കും വികസനത്തിന്റെ യഥാർത്ഥ കേരള മോഡലെന്നും രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

# പതിനെട്ടുകാരി ഫ്ളാറ്റിന് മുകളിൽ നിന്നും വീണു മരിച്ച സംഭവം; ബന്ധുവായ പെൺകുട്ടിക്കും പിതാവിനും നുണ പരിശോധന

കൊച്ചി: ഫ്ളാറ്റിന് മുകളിൽ നിന്നും പതിനെട്ടുകാരി വീണു മരിച്ച സംഭവത്തിൽ ബന്ധുവായ പെൺകുട്ടിയെയും പെൺകുട്ടിയുടെ പിതാവിനെയും നുണ പരിശോധന നടത്താൻ ഹൈക്കോടതി ഉത്തരവ്.

ചാലക്കുടി സ്വദേശി റോയി മകൾ ഐറിൻ റോയി(18)യുടെ മരണത്തിൽ ദുരൂഹത ആരോപിച്ച് ഹൈക്കോടതിയിൽ ഹർജി ഫയൽ ചെയ്തിരുന്നു. തുടർന്നാണ് ഹൈക്കോതി എറണാകുളം സെൻട്രൽ പോലീസിന് നുണ പരിശോധന നടത്താൻ ഉത്തരവ് നൽകിയത്. ഫോർട്ട് കൊച്ചി ആർ.ഡി.ഓ നുണ പരിശോധന നടത്താൻ നേരത്തെ ഉത്തരവ് നൽകിയെങ്കിലും പോലീസ് പല കാരണങ്ങൾ ചൂണ്ടിക്കാട്ടി നുണ പരിശോധന നടത്തിയില്ല. തുടർന്നാണ് റോയി ഹൈക്കോടതിയെ സമീപിച്ചത്.



ഐറിൻ റോയ് 2021 ഓഗസ്റ്റിലാണ് എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷന് സമീപമുള്ള ശാന്തി തോട്ടക്കാട്ട് എസ്റ്റേറ്റ് എന്ന അപ്പാർട്ടമെന്റിന്റെ പത്താം നിലയുടെ മുകളിൽ നിന്ന് വീണ് മരിച്ചത്. അന്ന് സംഭവം കാൽ വഴുതി വീണു എന്നായിരുന്നു നിഗമനം. എന്നാൽ മകൾ താഴെ വീഴാൻ കാരണം ബന്ധുവായ പെൺകുട്ടിയുമായുള്ള പിടിവലിയാണെന്നും ഈ പെൺകുട്ടി വിദേശത്തേക്ക് കടന്നു എന്നും ആരോപിച്ച് പരാതി നൽകുകയായിരുന്നു. അന്നത്തെ ദിവസം ഐറിനും ബന്ധുവായ പെൺകുട്ടിയും സഹോദരൻ അലനുമായിരുന്നു ഫ്ളാറ്റിന് മുകളിൽ വ്യായാമം ചെയ്തു കൊണ്ടിരുന്നത്. ഈ സമയം ഐറിനും ബന്ധുവായ പെൺകുട്ടിയും തമ്മിൽ തർക്കമുണ്ടായെന്നും പെൺകുട്ടി തള്ളിയപ്പോൾ നിലതെറ്റി താഴേക്ക് വീണതാണ് എന്നുമാണ് റോയി പരാതിയിൽ പറഞ്ഞിരിക്കുന്നത്. കൂടാതെ മകളുടെ മരണ ശേഷം ഏഴാം ദിവസം ബന്ധുവിന്റെ വീട്ടിൽ ഐറിന്റെ ചിത്രം ചുവരിൽ തൂക്കാനായി കൊണ്ടു വന്നപ്പോൾ പെൺകുട്ടി എതിർത്തുവെന്നും നാട്ടിൽ ഉയർന്ന ശമ്പളം ഉണ്ടായിട്ടും വിദേശത്തേക്ക് പഠനത്തിനായി പോയി എന്നും പറയുന്നു. ഈ സമയം പെൺകുട്ടിയുടെ മാതാപിതാക്കൾ ഐറിൻ കെട്ടിടത്തിന് മുകളിൽ നിന്നും താഴെ വീണത് സഹോദരൻ അലൻ തള്ളിയതു മൂലമാണെന്ന് പറഞ്ഞ് പരത്തുകയും ചെയ്തു. മകളുടെ മരണ ശേഷം ആരോപണ വിധേയരായ ബന്ധുക്കളുടെ പെരുമാറ്റത്തിൽ അസ്വാഭാവികതയുണ്ടായിരുന്നു എന്ന് റോയി പറയുന്നു.

തന്റെ ഭാര്യ മകളുടെ മരണശേഷം മാനസികമായി തളർന്നതിനെ തുടർന്ന് ചികിത്സയിലായിരുന്നു. പിന്നീട് മരണപ്പെടുകയും ചെയ്തു. ഇതിന് പിന്നിലും ബന്ധുക്കളുടെ കരങ്ങൾ ഉണ്ടോ എന്ന സംശയവും ഇദ്ദേഹം ഉന്നയിക്കുന്നുണ്ട്. ഇക്കാര്യങ്ങളെല്ലാം ചൂണ്ടിക്കാട്ടിയാണ് റോയി പരാതി നൽകിയിരിക്കുന്നത്. വിദേശത്തേക്ക് കടന്ന പെൺകുട്ടിയെ വിശദമായി ചോദ്യം ചെയ്താൽ മകളുടെ മരണത്തിന് പിന്നിലെ യഥാർത്ഥ കാര്യങ്ങൾ അറിയാമെന്നും റോയി പറയുന്നു. 2021 ഓഗസ്റ്റ് 5 ന് രാവിലെ 9 മണിയോടെയാണ് ഫ്ളാറ്റിലെ ടെറസിൽ നിന്നും കാർ പാർക്കിങ് ഏരിയയിലെ ഷീറ്റിലേക്ക് വീണ് ഐറിൻ മരിക്കുന്നത്. പത്ത് നിലകളുള്ള ഫ്ലാറ്റിന്റെ ടെറസിൽ സഹോദരനൊപ്പം വ്യായാമം ചെയ്യുകയായിരുന്നു ഐറിൻ. ഫ്ളാറ്റിലെ ടെറസിൽ അരഭിത്തിയിലുള്ള പാരപ്പറ്റാണുള്ളത്. ഇതിനോട് ചേർന്ന് സ്ഥാപിച്ചിട്ടുള്ള ടൈൽ പാകിയ കോൺക്രീറ്റ് ബെഞ്ചിൽ ചവിട്ടി വ്യായാമം ചെയ്യുന്നതിനിടെയാണ് അപകടം ഉണ്ടായത് എന്നായിരുന്നു നിഗമനം. കാൽ വഴുതി പാരപ്പറ്റിന് മുകളിലൂടെ വീണ ഐറിൻ എട്ടാം നിലയുടെ സൺഷേഡിലുണ്ടായിരുന്ന ഷീറ്റിൽ പതിക്കുകയും തുടർന്ന് തെറിച്ച് താഴത്തെ കാർ പാർക്കിങ് ഏരിയയിലെ ഷീറ്റിലും വശത്തെ ഭിത്തിയിലും അടിച്ചു തറയിലേക്ക് വീഴുകയായിരുന്നു. തലയിടിച്ചു വീണ ഐറിനെ എറണാകുളം മെഡിക്കൽ ട്രസ്റ്റ് ആശുപത്രിയിൽ എത്തിച്ചപ്പോഴേക്കും മരണം സംഭവിച്ചിരുന്നു.

# കൊവിഡ് 19: രാജ്യത്ത് ആക്റ്റീവ് കേസുകളുടെ എണ്ണം 4,800 കടന്നു; ഏറ്റവും കൂടുതൽ കേരളത്തിൽ

ന്യൂഡൽഹി: രാജ്യത്ത് കൊവിഡ് കേസുകളിൽ വീണ്ടും വർധിക്കുന്നു. 24 മണിക്കൂറിനിടെ 564 പുതിയ കേസുകൾ കൂടി റിപ്പോർട്ട് ചെയ്തതോടെ രാജ്യത്താകെ ആക്ടീവ് കൊവിഡ് കേസുകൾ 4,866 ആയി ഉയർന്നു. ഇതിൽ കേരളത്തിലാണ് (1487) ഏറ്റവും കൂടുതൽ കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. തൊട്ടുപിന്നാലെ മഹാരാഷ്ട്ര (526), ഗുജറാത്ത് (508), ന്യൂഡൽഹി (562), പശ്ചിമ ബംഗാൾ (538), കർണാടക (436), തമിഴ്നാട് (213) എന്നിവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കേസുകളുള്ളത്.

24 മണിക്കൂറിനിടെ 114 പേർക്കാണ് സംസ്ഥാനത്ത് കൊവിഡ് സ്ഥിരീകരിച്ചത്. മഹാരാഷ്ട്ര (16), ഗുജറാത്ത് (47), ന്യൂഡൽഹി (105), പശ്ചിമ ബംഗാൾ



(106), കർണാടക (112) എന്നിങ്ങനെയാണ് മറ്റ് സംസ്ഥാനങ്ങളിൽ പുതുതായി റിപ്പോർട്ട് ചെയ്തിട്ടുള്ള ആക്റ്റീവ് കേസുകൾ.

അതേസമയം, രാജ്യത്ത് 24 മണിക്കൂറിനിടെ കൊവിഡ് ബാധിച്ച് 7 പേർ കൂടി മരിച്ചു. ഡൽഹിയിൽ 5 മാസം പ്രായമായ കുഞ്ഞുൾപ്പെടെ 2 പേരാണ് മരിച്ചത്. കുഞ്ഞിന് നേരത്തെ തന്നെ ന്യുമോണിയ അടക്കം പല രോഗങ്ങളും സ്ഥിരീകരിച്ചിരുന്നതായാണ് വിവരം. കൂടാതെ മഹാരാഷ്ട്രയിൽ 3 പേരും കർണാടകയിൽ 2 പേരും മരിച്ചതായാണ് റിപ്പോർട്ട്.

ഇതോടെ രാജ്യത്ത് ജനുവരി 2025 മുതൽ ഇതുവരെ കൊവിഡ് ബാധമൂലം 51 പേരാണ് വിവിധയിടങ്ങളിലായി മരിച്ചത്.



## ക്യാൻസർ രോഗബാധിതയെ കട്ടിലിൽ കെട്ടിയിട്ട്, വായിൽ തുണി തിരുകി കവർച്ച

ഇടുക്കി: ഇടുക്കിയിൽ ക്യാൻസർ രോഗബാധിതയെ കെട്ടിയിട്ട് കവർച്ച നടത്തിയതായി പരാതി. ഇടുക്കി അടിമാലി വിവേകാനന്ദ നഗറിലാണ് സംഭവം നടന്നത്. അടിമാലി വിവേകാനന്ദ നഗർ സ്വദേശി കളരിക്കൽ ഉഷ സന്തോഷിനെയാണ് കട്ടിലിൽ കെട്ടിയിട്ട് വായിൽ തുണി തിരുകി പണം അപഹരിച്ചത്. വീട്ടിലുണ്ടായിരുന്ന 16000 രൂപ കവർന്നു. കീമോ തെറാപ്പിക്ക് ശേഷം വീട്ടിൽ വിശ്രമിക്കുകയായിരുന്നു ഇവർ.

ഇന്നലെ രാവിലെ ഏഴ് മണിയോടെയാണ് മനസാക്ഷിയെ ഞെട്ടിക്കുന്ന സംഭവം. ഉഷയും ഭർത്താവും മകളും മാത്രമാണ് വീട്ടിലുള്ളത്. ക്യാൻസർ ബാധിതയായി ഏറെ നാളായി ചികിത്സയിലായിരുന്നു ഉഷ. കഴിഞ്ഞ ദിവസം കീമോ തെറാപ്പി കഴിഞ്ഞ് വീട്ടിൽ വിശ്രമിക്കുകയായിരുന്നു. വീട്ടിൽ മറ്റാരുമില്ലാതിരുന്ന സമയത്തായിരുന്നു മോഷണം. കട്ടിലിൽ കെട്ടിയിട്ട ശേഷം ഇവരുടെ വായിൽ തുണി തിരുകിയാണ് പേഴ്സിലുണ്ടായിരുന്ന 16500 രൂപ കവർന്നത്. അയൽവാസികൾ ഇവരെ അന്വേഷിച്ച് വീട്ടിലെത്തിയപ്പോഴാണ് കട്ടിലിൽ കെട്ടിയിട്ട നിലയിൽ കണ്ടെത്തിയത്. ഉടൻ തന്നെ അടിമാലി പൊലീസിൽ വിവരമറിയിക്കുകയായിരുന്നു. വർഷങ്ങളായി ചികിത്സ തുടരുന്ന ഉഷ, സാമ്പത്തികമായി ഏറെ പിന്നാക്കം നിൽക്കുന്നയാളാണ്. അടിമാലിയിലെ സുമനസ്സുകൾ ചേർന്നാണ് ഇവരുടെ ചികിത്സയ്ക്കാവശ്യമായ പണം പിരിച്ചുനൽകിയത്. ഈ തുകയുൾപ്പെടെയാണ് മോഷ്ടാവ് കവർന്നത്.



## 'പത്തുതല' പുറത്തിറക്കാതിരിക്കാൻ ഭീഷണിയുണ്ട്: വേടൻ

കൊച്ചി: 'പത്തുതല' എന്ന പാട്ട് പുറത്തിറക്കാതിരിക്കാൻ ഭീഷണിയുണ്ടെന്ന് റാപ്പർ വേടൻ. പാട്ട് പുറത്തിറങ്ങിയാൽ തന്നെ മർദിക്കുമെന്ന് ഒരാൾ സമൂഹ മാധ്യമങ്ങളിൽ പോസ്റ്റിട്ടുവെന്നും വേടൻ പറഞ്ഞു. പത്തുതല എന്ന പാട്ടിനായി ഒരുപാട് ഗവേഷണം ചെയ്യേണ്ടതുണ്ട്.

ഭയങ്കര സമയമെടുത്ത് ചെയ്യേണ്ട പാട്ടാണ്. കുറച്ച് സമയമെടുത്ത് മാത്രമേ പത്തുതല എന്ന പാട്ട് ഇറങ്ങുകയുള്ളൂ എന്ന് വേടൻ കൂട്ടിച്ചേർത്തു. പാട്ട് ഇറങ്ങിയാൽ തന്നെ മർദിക്കുമെന്ന് പറഞ്ഞവരുണ്ട്. എന്നാൽ പത്തുതല ഇറങ്ങാൻ സമയമെടുക്കുമെന്നും അടിക്കാനുള്ള സമയം ഇനിയുമുണ്ടെന്ന് വേടൻ പറഞ്ഞു. തമിഴ്നാട് എംപിയും വിസികെ നേതാവുമായ തോൽ തിരുമാവളവൻ വിളിച്ച് സംസാരിച്ചിരുന്നതായും വേടൻ വെളിപ്പെടുത്തി.

അദ്ദേഹം 35 വർഷത്തോളമായി സംസാരിക്കുന്ന രാഷ്ട്രീയമാണ് നമ്മളും പാടുന്നത്. കൂടെയുണ്ട് എന്ന് അറിയിക്കുക മാത്രമാണ് ചെയ്തത്. എന്താണ് പ്രശ്നം എന്ന് ചോദിച്ചപ്പോൾ, കുറച്ച് പ്രശ്നങ്ങളുണ്ട് മാഷേ, ബേജാറാക്കണ്ടാ നമുക്ക് ചെയ്യാൻ പറ്റുന്ന കാര്യങ്ങളേയുള്ളൂ എന്നു പറഞ്ഞതായും വേടൻ.



## കഞ്ചാവ് കേസിൽ യു പ്രതിഭ എംഎൽഎയുടെ മകനടക്കം 7 പേരെ ഒഴിവാക്കി കുറ്റപത്രം

ആലപ്പുഴ: കഞ്ചാവ് കേസിൽ യു.പ്രതിഭ എംഎൽഎയുടെ മകനുൾപ്പെടെ ഏഴു പേരെ ഒഴിവാക്കി എക്സൈസ് നർകോട്ടിക് സപെഷ്യൽ സക്വാഡ് കുറ്റപത്രം സമർപ്പിച്ചു. ഇതോടെ എക്സൈസ് സമർപ്പിച്ച കുറ്റപത്രത്തിൽ ആകെ രണ്ട് പ്രതികൾ മാത്രമാണുള്ളത്. അമ്പലപ്പുഴ കോടതിയിലാണ് കുറ്റപത്രം സമർപ്പിച്ചത്. എംഎൽഎയുടെ മകൻ കനിവിനെ അടക്കം പ്രതിയാക്കി എഫ്ഐആർ ഇട്ട കേസിലാണ് മാറ്റം.

ഡിസംബർ 28 നാണ് ആലപ്പുഴ തകഴിയിൽ നിന്ന് യു പ്രതിഭ എംഎൽഎയുടെ മകൻ കനിവ് ഉൾപ്പടെ ഒൻപത് പേരെ കഞ്ചാവ് ഉപയോഗിച്ച് കൊണ്ടിരിക്കെ കുട്ടനാട് എക്സൈസ് സംഘം പിടികൂടിയത്. കേസിൽ ഒൻപതാം പ്രതിയായിരുന്നു കനിവ്. കഞ്ചാവ് കൈവശം വച്ചതിനും പൊതു സ്ഥലത്ത് കഞ്ചാവ് ഉപയോഗിച്ചതിനുമായിരുന്നു കേസ്. ജാമ്യം കിട്ടുന്ന വകുപ്പുകളായതിനാൽ സ്റ്റേഷൻ ജാമ്യത്തിൽ വിടുകയും ചെയ്തിരുന്നു.

Volume-10, Issue Number -194, Printed , Published & Owned by ROJA.N and Printed at KALATHINGAL PRINTERS,TC/27/2184, CHIRANKULAM ROAD, TRIVANDRUM, KERALA-695001
and Published at Santharam, Palamoodu,Vembayam .P.O, Thiruvananthapura-695615,Kerala. Editor: ROJA.N